തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# തദ്ദേശകം

ആഗസ്റ്റ് 2025 പുസ്തകം 1 ലക്കം 7

## സാക്ഷരത
## തുടർ സാക്ഷരത
## ഡിജിറ്റൽ സാക്ഷരത



# സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത

## പ്രഖ്യാപനം

75 വയസിന് മുകളിൽ
1,50,891 പഠിതാക്കൾ

90 വയസിന് മുകളിൽ
15,223 പഠിതാക്കൾ

1644 ട്രാൻസ്ജൻഡർ
വിഭാഗത്തിലുള്ളവർ



M.B Rajesh
MINISTER FOR LSGD&EXCISE&
PARLIAMENTARY AFFAIRS

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ആഗസ്റ്റ് 2025 പുസ്തകം 1 ലക്കം 7

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ് ഐ.എ.എസ്**
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി. ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ. ഐ.എ.എസ്**
ഡയറക്ടർ, കില
**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ
**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ
**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ
**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ
**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

സമ്പൂർണ സാക്ഷരതയെന്ന നേട്ടത്തിനൊപ്പം കേരളത്തിന് ചേർത്തു വെയ്ക്കാൻ ഇനി സമ്പൂർണ ഡിജിറ്റൽ സാക്ഷരതയെന്ന അപൂർവ്വതയും. ലോകം ഡിജിറ്റലായപ്പോൾ കേരളം ഡിജിറ്റൽ ലോകത്ത് മികവോടെ മറ്റൊരു അതുല്യമായ ശ്രേഷ്ഠത കൂടി കൈവരിച്ച് സ്വന്തം ജനങ്ങളെ ചേർത്ത് പിടിക്കുകയാണ്. ആഗോള തലത്തിലുള്ള ശാസ്ത്ര സാങ്കേതിക വളർച്ചയ്ക്കൊപ്പം കേരളത്തെ ചേർത്തു വെച്ചിരിക്കുകയാണ് സർക്കാർ. ഇന്ത്യയിലെ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യത്തെ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. 2025 ആഗസ്ത് 21 ന് നടന്ന ചടങ്ങിൽ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തെ പ്രഖ്യാപിച്ചു.

ജീവിതത്തിന്റെ നാനാതുറകളിലും ഡിജിറ്റൽവൽക്കരണം കടന്നു വന്നപ്പോൾ ഇതൊന്നും അറിയാതെ പോയ ഒരു വിഭാഗം ജനങ്ങളെ ചേർത്തു പിടിച്ച് അവരെ ഡിജിറ്റൽ യുഗത്തിലേക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതിയാണിത്. സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾ, ആനുകൂല്യങ്ങൾ തുടങ്ങി ഡിജിറ്റൽ പണമിടപാട് വരെ ഇന്റർനെറ്റും മൊബൈൽ ഫോണും ഉപയോഗിച്ച് പ്രായോഗികമാക്കാൻ സാധാരണക്കാരെ പരിശീലിപ്പിച്ച പദ്ധതിയിലൂടെ 21,87 ,667 പേരെയാണ് ഡിജിറ്റൽ സാക്ഷരരാക്കിയത്. 14 വയസിന് മുകളിലുള്ള എല്ലാവർക്കും ഡിജിറ്റൽ സാക്ഷരതാ പരിശീലനം ഉറപ്പാക്കി. ഓരോ ഘട്ടത്തിലും വ്യത്യസ്തരായ വളണ്ടിയർമാരെ ചുമതലപ്പെടുത്തിയാണ് ഈ പ്രക്രിയ പൂർത്തിയാക്കിയത്. തുടർന്ന് ജില്ലാ കലക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ വിവിധ ഘട്ടങ്ങളിലൂടെയാണ് ഡിജിറ്റൽ സാക്ഷരതാ പ്രഖ്യാപനം പൂർത്തിയാക്കിയത്.

1991 ഏപ്രിൽ മാസത്തിൽ രാജ്യത്തെ ആദ്യത്തെ സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടതിന് ശേഷം ഇപ്പോഴും സജീവമായി നടത്തുന്ന സാക്ഷരതാ പ്രവർത്തനങ്ങളെ കുറിച്ചും ഈ ലക്കത്തിൽ വായിക്കാം. തുല്യതാ കോഴ്സുകളും തുല്യതാ കോഴ്സുകൾ വിജയിച്ചവർക്ക് തുടർ പഠനാവസരവും ജോലി നേടാനുള്ള അവസരവും നൽകുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ആശയവിനിമയത്തിന് പ്രാപ്തരാക്കുന്ന ചങ്ങാതി പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്.

സാക്ഷരതാ മേഖലയിൽ വ്യത്യസ്തമായ ചുവടുകളോടെ ഒരു ജനതയുടെ ആത്മാഭിമാനവും പ്രവർത്തന ശേഷിയും ഉയർത്തുന്ന സർക്കാർ നടപടികൾ പ്രശംസനീയമാണ്

**ദീപ കെ.**
എഡിറ്റർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
തദ്ദേശകം
ജൂൺ 2025 പുസ്തകം 1 ലക്കം 4



# ഉള്ളടക്കം




06 ഡിജിറ്റൽ ലോകത്ത്
മികവോടെ കേരളം
എം ബി രാജേഷ്
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

10 സാക്ഷരത– തുടർസാക്ഷരത
തദ്ദേശസ്വയംഭരണം
എ.ജി. ഒലീന
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ

22 കേരളം എന്തിന് ഡിജിറ്റലാവണം !
ദീപ കെ.

28 മലയാളം പറയുന്ന
ഓണപ്പൂക്കൾ

30 ഇടുക്കി – ഉന്നതികളുടെ
മുഖച്ഛായ മാറുന്നു.

32 അര ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക്
ഉപജീവനം ഉറപ്പാക്കി
സ്റ്റാർട്ട് അപ് വില്ലേജ്
എന്റർപ്രണർഷിപ് പ്രോഗ്രാം

34 ഹരിത നഗരത്തിന്റെ വികസനവഴികൾ
ഷിജു ഏലിയാസ്

42 ജലമാണ് ജീവൻ
കാമ്പയിൻ വിജയിപ്പിക്കുക!

**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി



# ഡിജിറ്റൽ ലോകത്ത് മികവോടെ കേരളം



ഇന്ത്യയിലെ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. 2025 ആഗസ്റ്റ് 21 ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു.



ശാസ്ത്ര-സാങ്കേതികവിദ്യാ രംഗത്ത് ലോകം കൈവരിക്കുന്ന അമ്പരപ്പിക്കുന്ന വളർച്ചക്കൊപ്പം കേരളത്തെ എത്തിക്കാനും അതിലൂടെ ആധുനിക ജീവിതസൗകര്യങ്ങൾ എല്ലാ ജനങ്ങൾക്കും ലഭ്യമാക്കാനുമുള്ള വലിയൊരു ലക്ഷ്യത്തിന്റെ ഭാഗമാണ് സമ്പൂർണ ഡിജിറ്റൽ സാക്ഷരത. ജനങ്ങൾക്ക് സർക്കാരിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട അവകാശങ്ങൾ, സേവനങ്ങൾ, സഹായങ്ങൾ എന്നിവ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് എളുപ്പം നേടിയെടുക്കാൻ സാധാരണക്കാരെ ശാക്തീകരിക്കുകയാണ് ഡിജി കേരളം. ഡിജിറ്റൽ സാങ്കേതികവിദ്യ എല്ലാ വിഭാഗം ജനങ്ങൾക്കും കൈവരുത്തി അതിലൂടെ ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കി വിവരസാങ്കേതികവിദ്യയെ സാധാരണ ജനങ്ങളുടെ നിത്യജീവിതത്തിന്റെ അഭേദ്യഭാഗമാക്കുന്ന മഹത് പദ്ധതിയാണിത്.

മൊബൈൽ ഫോണും ഇന്റർനെറ്റ് സൗകര്യവും ഉപയോഗിച്ച് വിവിധ സേവനങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ നേടിയെടുക്കാനും ഡിജിറ്റൽ വ്യവഹാരങ്ങൾ എളുപ്പമാക്കാനും കേരളത്തിലെ മുഴുവൻ ജനങ്ങളെയും പരിശീലിപ്പിക്കാനാണ് ഡിജി കേരളത്തിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. മൂന്ന് വർഷത്തെ നിരന്തരമായ പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുകയും ചെയ്തു. ഈ നേട്ടം സുസ്ഥിരമായി നിലനിർത്തുക എന്നത് ഇനിയുള്ള പ്രധാന കടമയാണ്.

**ഡിജിറ്റൽ സാങ്കേതികവിദ്യ എല്ലാ വിഭാഗം ജനങ്ങൾക്കും കൈവരുത്തി അതിലൂടെ ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കി വിവരസാങ്കേതികവിദ്യയെ സാധാരണ ജനങ്ങളുടെ നിത്യജീവിതത്തിന്റെ അഭേദ്യഭാഗമാക്കുന്ന മഹത് പദ്ധതിയാണ് ഡിജി കേരളം.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും സുഗമമായും ലഭിക്കാനുള്ള ഓൺലൈൻ സംവിധാനങ്ങൾ കേരളം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭകളിലും കോർപറേഷനുകളിലും ഏർപ്പെടുത്തിയ കെ-സ്മാർട്ട് എന്ന ഓൺലൈൻ സേവന സംവിധാനം ഗ്രാമ പഞ്ചായത്തുകൾ അടക്കമുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025 ഏപ്രിലോടെ വ്യാപിപ്പിച്ചു. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാനും സേവനങ്ങൾ സ്വീകരിക്കാനും കേരളത്തിലെ എല്ലാ ജനങ്ങളെയും പരിശീലിപ്പിക്കുകയെന്നത് അനിവാര്യമായി. ഒപ്പം ഡിജിറ്റൽ ലോകത്തെ മറ്റ് സംവിധാനങ്ങളും ജനങ്ങൾക്ക്

പ്രയോജനപ്പെടുത്താൻ കഴിയണം. അതിനായി ആവിഷ്കരിച്ച ഡിജിറ്റൽ സാക്ഷരതാ പ്രസ്ഥാനമാണ് ഡിജി കേരളം.

2021 ൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ യിലാണ് ഡിജി സാക്ഷരതാ പ്രവർത്തനങ്ങൾ ആദ്യമായി നടത്തിയത്. 2022 സെപ്റ്റംബർ 21 ന് ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ പഞ്ചായത്തായി പുല്ലമ്പാറയെ പ്രഖ്യാപിച്ചു. 15 വാർഡുകളിലായി 3300 പേർക്ക് പരിശീലനം നൽകി എല്ലാവരെയും ഡിജിറ്റൽ സാക്ഷരരാക്കി. ഡിജി പുല്ലമ്പാറയുടെ പ്രഖ്യാപന ചടങ്ങിൽ മുഖ്യമന്ത്രി തന്നെയാണ് സംസ്ഥാനത്താകെ ഈ പദ്ധതി വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപിച്ചത്. 2023 ഏപ്രിൽ 10ന് കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡിജി കേരളം പദ്ധതിക്ക് തുടക്കംകുറിച്ചു.

യുനെസ്കോ ഉൾപ്പെടെയുള്ള ഏജൻസികൾ നിർവചിച്ച ഡിജിറ്റൽ പഠന മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളത്തിന്റെ ഡിജിറ്റൽ സാക്ഷരതാ മൊഡ്യൂൾ. 14 വയസിന് മുകളിലുള്ള എല്ലാവർക്കും, കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഡിജിറ്റൽ സാക്ഷരതാ പരിശീലനം ഉറപ്പാക്കി. മുഴുവൻ പഠിതാക്കളും മൂല്യനിർണയം പൂർത്തിയാക്കി വിജയിച്ചവരായി മാറി. സാങ്കേതിക സർവകലാശാല യുടെയും കിലയുടെയും നേതൃത്വത്തിൽ പുല്ലമ്പാറ യിലെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ രൂപ കൽപ്പന ചെയ്ത മൂന്ന് മൊഡ്യൂളുകളിലായി 15 പ്രവർത്തനങ്ങളാണ് പരിശീലിപ്പിച്ചത്. സ്മാർട്ട് ഫോൺ ഓണാക്കുക, ഓഫാക്കുക, ആപ്പുകൾ



ഇൻസ്റ്റാൾ ചെയ്യുക, വാട്ട്സാപ്പ്, ഫെയ്സ്ബുക്ക് എന്നിവ ഉപയോഗിക്കാനും യൂട്യൂബിലും ഗൂഗിളിലും സെർച്ച് ചെയ്യാനും ചിത്രങ്ങളും വീഡിയോകളും കാണാനും പാചകവാതക സിലിണ്ടർ ബുക്ക് ചെയ്യാനും വൈദ്യുതി ബിൽ അടയ്ക്കാനുമെല്ലാം ശേഷി നേടുക എന്നിവയാണ് ലക്ഷ്യമിട്ടത്. ഇതിനായി വളണ്ടിയർമാർ പരിശീലനം നൽകി. ഡിജിറ്റൽ ചതിക്കുഴികളെക്കുറിച്ച് ബോധവത്കരിക്കുന്ന ഒരു പ്രവർത്തനമായിരുന്നു പതിനഞ്ചാമത്തേത്. 15 ൽ 6 പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയവർ ഡിജിറ്റൽ സാക്ഷരത നേടിയെന്ന് കണക്കാക്കി.

83 ലക്ഷത്തിൽപ്പരം (83,45,879) കുടുംബങ്ങളെ ഉൾപ്പെടുത്തി സർവേ നടത്തിയാണ് 21,88,398 പേരെ പഠിതാക്കളായി കണ്ടെത്തിയത്. ഇവരിൽ 21,87,966 (99.98%) പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി. അവരിൽ 21,87,667 (99.98%) പഠിതാക്കൾ മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചു. സർവേയിലൂടെ കണ്ടെത്തിയ പഠിതാക്കളിൽ 90 വയസ്സിന് മുകളിൽ പ്രായമുള്ള 15,223 പേരും, 76നും 90നും ഇടയിൽ പ്രായമുള്ള 1,35,668 പേരും ഉൾപ്പെടുന്നു. പഠിതാക്കളിൽ 8.05 ലക്ഷം പേർ പുരുഷന്മാരും, 13.81 ലക്ഷം പേർ സ്ത്രീ കളുമാണ്. 1644 ട്രാൻസ്ജൻഡർ വിഭാഗത്തിലുള്ളവരും ഡിജിറ്റൽ സാക്ഷരതാ പരിശീലനം പൂർത്തിയാക്കി.

2,57,048 വളണ്ടിയർമാരുടെ നേതൃത്വത്തിലാണ് സർവേയും പരിശീലനവും നടത്തിയത്. കോളജ്, പ്ലസ് ടു വിദ്യാർഥികൾ, NSS, NCC, NYK, സന്നദ്ധ സേന വളണ്ടിയർമാർ, കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.- എസ്.ടി പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, ലൈബ്രറി കൗൺസിൽ,

**83 ലക്ഷത്തിൽപ്പരം (83,45,879) കുടുംബങ്ങളെ ഉൾപ്പെടുത്തി സർവേ നടത്തിയാണ് 21,88,398 പേരെ പഠിതാക്കളായി കണ്ടെത്തിയത്. ഇവരിൽ 21,87,966 (99.98%) പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി. അവരിൽ 21,87,667 (99.98%) പഠിതാക്കൾ മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചു.**




യുവജനക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ-യുവാക്കൾ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർ തുടങ്ങി വിവിധ ഏജൻസികളിലെ ജീവനക്കാർ എന്നിവരാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണയവും നടത്തിയത്. ഇവർക്ക് വിപുലമായ പരിശീലനവും ന ൽകിയിരുന്നു. പഠന പ്രവർത്തനവും മൂല്യനിർണയ വുമെല്ലാം മൊബൈൽ ആപ്പിന്റെ സഹായത്തോടെ പൂർണമായും ഡിജിറ്റലായാണ് പൂർത്തിയാക്കിയത്. തൊഴിലുറപ്പ് പ്രവൃത്തിസ്ഥലങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങി ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ കൂട്ടമായും, വീടുകളിലെത്തി ഓരോരു ത്തർക്കും വളണ്ടിയർമാർ പരിശീലനം നൽകി. വീടുകളിലെത്തി കുട്ടികളെയും കൗമാരക്കാരെയും വളണ്ടിയർമാർ ചുമതലപ്പെടുത്തുകയും മുതിർന്ന അംഗങ്ങളെ മക്കളും കൊച്ചുമക്കളും ഇങ്ങനെ പരിശീലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരിശീലനം പൂർത്തിയാക്കിയവരെ മൂല്യനിർണയ പ്രക്രിയയ്ക്ക് വിധേയരാക്കി. മൂല്യനിർണയത്തിൽ പരാജയപ്പെട്ടവർക്ക് വീണ്ടും പരിശീലനം നൽകി തുടർമൂല്യനിർണയവും ഉറപ്പാക്കി. ഓരോ ഘട്ടത്തിലും വ്യത്യസ്തരായ വളണ്ടിയർമാരെ ചുമതലപ്പെടു ത്തിയാണ് ഈ പ്രക്രിയ പൂർത്തിയാക്കിയത്. സ്മാർട്ട് ഫോൺ സ്വന്തമായി ഇല്ലാത്തവർക്കും ഡിജിറ്റൽ സാക്ഷരത നൽകിയിട്ടുണ്ട്. വളണ്ടിയർമാരുടെ ഫോണിൽ നിന്നാണ് ഇവർക്ക് പരിശീലനം നൽകിയത്.

ഓരോ ഘട്ടത്തിലും 'ഡിജി കേരളം' പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായി ജില്ലാ തലത്തിൽ 5% പഠിതാക്കളെ സൂപ്പർ ചെക്ക് നടത്തുന്ന പ്രക്രിയ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാനതലത്തിൽ 1% പഠിതാക്കളെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് സൂപ്പർചെക്ക് നടത്തി. 'ഡിജി കേരളം' പദ്ധതിയുടെ തേർഡ് പാർട്ടി മൂല്യ നിർണ്ണയം ഇക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് മുഖേനയാണ് ന ടത്തിയത്. 2% പഠിതാക്കളെയാണ് സൂപ്പർചെക്കിന് വിധേയമാക്കിയത്. ഇതിനായി ഒരു വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും സജ്ജീകരിച്ചിരുന്നു. ജില്ലാ കലക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയാണ് പ്രക്രിയ പൂർത്തിയാക്കിയത്. പൂർണമായും ഓൺലൈനിലുള്ള മൂല്യനിർണയവും തുടർന്ന് നാല് ഘട്ടത്തിലുള്ള സൂപ്പർചെക്ക് പ്രക്രിയയും പൂർത്തിയാക്കിയാണ് സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പ്രഖ്യാപനം നടത്തിയത്.


**ഓരോ ഘട്ടത്തിലും വ്യത്യസ്തരായ വളണ്ടിയർമാരെ ചുമതലപ്പെടുത്തിയാണ് ഈ പ്രക്രിയ പൂർത്തിയാക്കിയത്. സ്മാർട്ട് ഫോൺ സ്വന്തമായി ഇല്ലാത്തവർക്കും ഡിജിറ്റൽ സാക്ഷരത നൽകിയിട്ടുണ്ട്. വളണ്ടിയർമാരുടെ ഫോണിൽ നിന്നാണ് ഇവർക്ക് പരിശീലനം നൽകിയത്.**

**എ.ജി. ഒലീന**
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ

# സാക്ഷരത തുടർസാക്ഷരത തദ്ദേശസ്വയംഭരണം

കേരളത്തിന്റെ സാക്ഷരതാമുന്നേറ്റം ഒരു ചരിത്ര പ്രക്രിയയുടെ തുടർച്ചയാണ്. മിഷണറി പ്രവർത്തനങ്ങൾ, നവോത്ഥാന മുന്നേറ്റങ്ങൾ, പുരോഗമന രാഷ്ട്രീയ പ്രബുദ്ധത, 1950-കൾ മുതൽക്ക് പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ തുടങ്ങിയ ഘടകങ്ങളാണ് സമ്പൂർണ്ണ സാക്ഷരതയിലേക്ക് മുന്നേറുന്നതിന് കേരളത്തിന് പശ്ചാത്തലം ഒരുക്കിയത്. 19,20 നൂറ്റാണ്ടുകളിൽ ശ്രീനാരായണഗുരു, അയ്യൻകാളി' വക്കം മൗലവി തുടങ്ങിയ നവോത്ഥാന നായകർ ജാതി മേധാവിത്വത്തെയും ലിംഗപരമായ അധികാര ബന്ധങ്ങളെയും വർഗ്ഗപരമായ അസമത്വങ്ങളെയും വെല്ലുവിളിക്കുകയും എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശത്തിനുവേണ്ടി ശക്തമായി നിലകൊള്ളുകയും ചെയ്തു. ഇവർ നേതൃത്വം നൽകിയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ അടിത്തറയിലാണ് കേരളത്തിന്റെ സാക്ഷരത ദൗത്യം കെട്ടിപ്പടുക്കപ്പെട്ടത്.





1989 ൽ ദേശീയ സാക്ഷരതാ മിഷന്റെ കാമ്പയിൻ പൈലറ്റ് അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ആരംഭിച്ചത് ഈ ദിശയിൽ വഴിത്തിരിവായി. സന്നദ്ധ പ്രവർത്തകർ, ആക്ടിവിസ്റ്റുകൾ എന്നിവരുടെ പൂർണ്ണ പങ്കാളിത്തത്തോടെ  ജില്ലയിൽ ആരംഭിച്ച കാംപെയിൻ സമാനതകളില്ലാത്ത ഒരു സാമൂഹ്യ മുന്നേറ്റത്തിന് നാന്ദിയായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം,  സന്നദ്ധപ്രവർത്തകരും വിദ്യാർത്ഥികളും അധ്യാപകരും വനിതാകൂട്ടായ്മകളും സാംസ്കാരികസംഘടനകളും ട്രേഡ് യൂണിയനുകളും  അണിനിരന്ന ഒരു സാമൂഹ്യ മുന്നേറ്റമായി ഈ ദൗത്യം വികസിച്ചു.

**1991 ഏപ്രിൽ മാസത്തിൽ കേരളം രാജ്യത്തെ ആദ്യ സമ്പൂർണ്ണ സാക്ഷര സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. കേരളത്തിലെ സമ്പൂർണ്ണ സാക്ഷരതാ ദൗത്യത്തിന്റെ വിജയം യുനെസ്കോയുടെ അഭിനന്ദനങ്ങൾ നേടുകയും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലും സമാനമായ കാമ്പയിനുകൾ ഏറ്റെടുക്കുന്നതിന് പ്രചോദനമാവുകയും  ചെയ്തു.**

1990–ൽ രാജ്യത്തെ ആദ്യ സമ്പൂർണ്ണ സാക്ഷര ജില്ലയായി എറണാകുളം മാറി. 1991 ഏപ്രിൽ മാസത്തിൽ കേരളം രാജ്യത്തെ ആദ്യ സമ്പൂർണ്ണ സാക്ഷര സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. കേരളത്തിലെ സമ്പൂർണ്ണ സാക്ഷരതാ ദൗത്യത്തിന്റെ വിജയം യുനെസ്കോയുടെ അഭിനന്ദനങ്ങൾ നേടുകയും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും വിദേശ രാജ്യങ്ങളിലും സമാനമായ കാമ്പയിനുകൾ ഏറ്റെടുക്കുന്നതിന് പ്രചോദനമാവുകയും  ചെയ്തു. 1990 കളിൽ നടപ്പിലാക്കിയ ജനകീയാസൂത്രണം വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുകയും പങ്കാളിത്ത വികസനത്തിന്റ പുതിയ സാധ്യതകൾ തുറക്കുകയും ചെയ്തത് തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് കരുത്തു നൽകി. 1998 ൽ കേരള സർക്കാർ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് (KSLMA) രൂപം നൽകി. ഇത്  സാക്ഷരതയ്ക്കും തുടർ സാക്ഷരതയ്ക്കും വേണ്ടിയുള്ള പരിപാടികളുടെ ഏകോപനവും തദ്ദേശസ്വയംഭരണ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള പ്രവർത്തനങ്ങൾക്ക് സംവിധാനത്തിന്റെ പിന്തുണയും ഉറപ്പുവരുത്തി. എഴുത്തും വായനയും പരിശീലിപ്പിക്കുന്ന ഒരു പദ്ധതി എന്നതിനപ്പുറത്ത് കേരളത്തിന്റെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞം ചരിത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ കടമകൾ നിറവേറ്റി.  മുകൾത്തട്ടിൽ ആവിഷ്കരിച്ച് താഴേക്ക് നടപ്പിലാക്കുന്ന  സർക്കാർ

പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി, സമാന തകളില്ലാത്ത പൊതുജന പങ്കാളിത്തം കൊണ്ട് ഈ ക്യാമ്പയിൻ വേറിട്ടു നിന്നു.

കേരളത്തിലെ സാക്ഷരതായജ്ഞത്തിന്റെ വിജയത്തിന് പിന്നിൽ പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പങ്ക് വലുതാണ്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പിന്തുണയോടെ നിരക്ഷരരെ കണ്ടെത്തുകയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തകരുടെയും പ്രേരക്മാരുടെയും സഹായ ത്തോടെ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കുകയും മറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകുകയും ചെയ്തു. സമാനതകൾ ഇല്ലാത്ത രാഷ്ട്രീയ, സാമൂഹിക ഇച്ഛാശക്തി പ്രകടമാക്കിയ കേരളത്തിന്റെ സാക്ഷരതാ ദൗത്യം അധികാര വികേന്ദ്രീകരണത്തിന്റെ കരുത്തിൽ തുടർവിജയങ്ങൾ സ്വന്തമാക്കി. സംസ്ഥാന സർക്കാർ ഈ ക്യാമ്പയിൻ ഫലപ്രദമായി മുന്നോട്ടു കൊണ്ടു പോയി. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അടങ്ങുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരത ദൗത്യത്തിന്റെ തുടർവിജയങ്ങളിൽ നിർണായക പങ്കുവഹിച്ചു. എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നതിൽ അവസാനിപ്പിക്കാതെ തുടർ പ്രവർത്തനങ്ങളിലൂടെ സാക്ഷരതാദൗത്യത്തെ സാമൂഹിക ശാക്തീകരണത്തിനുള്ള ഉപാധിയാക്കി മാറ്റി. ഐക്യരാഷ്ട്രസഭ നിർദേശിച്ച മാതൃകയിൽ ദാരിദ്ര്യ ലഘൂകരണം, സാമൂഹികനീതി, വനിതാശാ ക്തീകരണം, സാമൂഹിക ആരോഗ്യം തുടങ്ങിയ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി കേരളം സാക്ഷ രതാദൗത്യത്തെ ബന്ധിപ്പിച്ചു. പ്രായം ചെന്നവരും സ്ത്രീകളും സാമൂഹികമായി മാറ്റിനിർത്തപ്പെട്ട വിഭാഗങ്ങളുമായിരുന്നു കേരളത്തിലെ സാക്ഷരതാ ദൗത്യത്തിന്റെ ആദ്യ ഗുണഭോക്താക്കൾ.

ജില്ലാ തലത്തിൽ ജില്ലാ സാക്ഷരതാ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാർ, മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന തുടർ വിദ്യാകേന്ദ്രങ്ങൾ (Continuing Education Centres -CEC), വാർഡ് തല ലൈബ്രറികൾ എന്നി വയടങ്ങുന്ന വിപുലമായ പ്രവർത്തക ശൃംഖലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയ പിന്തുണാ സംവിധാനങ്ങളും സാക്ഷരതാദൗത്യത്തെ സജീവമാക്കി നിലനിർത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന നേതൃത്വവും സാമ്പത്തിക പിന്തുണയുമാണ് ഈ പ്രവർത്തനങ്ങൾ സാധ്യമാ ക്കുന്നത്.

സമ്പൂർണ്ണസാക്ഷരത നേടിയ ശേഷം, ആ നേട്ടങ്ങൾ നിലനിർത്താനും തുടർവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും കേരള സംസ്ഥാന സാക്ഷരതാ മിഷൻ വിവിധ പരിപാടികൾ നടപ്പിലാക്കി. തുടർ

**കേരളത്തിലെ സാക്ഷരതായജ്ഞത്തിന്റെ വിജയത്തിന് പിന്നിൽ പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പങ്ക് വലുതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പിന്തുണയോടെ നിരക്ഷരരെ കണ്ടെത്തുകയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തകരുടെയും പ്രേരക്മാരുടെയും സഹായത്തോടെ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കുകയും മറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകുകയും ചെയ്തു.**





വിദ്യാഭ്യാസം, തുല്യതാപരീക്ഷകൾ, ഡിജിറ്റൽ സാക്ഷരത, സാമ്പത്തിക സാക്ഷരത പരിപാടികൾ, സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ, ഗോത്ര വിഭാഗക്കാർ, കുടിയേറ്റ തൊഴിലാളികൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ ഇവർക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ എന്നിവ മിഷൻ നടത്തുന്നുണ്ട്. ഉയർന്ന സാക്ഷരതാനിരക്ക് കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി. സാക്ഷരരായ ഒരു സമൂഹം സർക്കാർ നയങ്ങളെയും നിയമങ്ങളെയുംകുറിച്ച് മനസ്സിലാക്കാൻ കഴിവുള്ള വരായിത്തീർന്നു. ഇത് ഭരണത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാൻ സഹായിച്ചു.

## സാക്ഷരതാ കോഴ്സ്

നിരക്ഷരരെ ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഏതൊ രാൾക്കും ഈ കോഴ്സിൽ ചേരാം. സാക്ഷരതാ പാഠാവലിയെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന ഈ കോഴ്സിന്റെ കാലാവധി നാലുമാസമാണ്. പഠിതാക്കളെ കണ്ടെത്തുന്നതും ക്ലാസിലെത്തി ക്കുന്നതും സാക്ഷരതാ പ്രേരക്മാരാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് അടിസ്ഥാ നത്തിൽ ക്ലാസുകൾ നടത്തുന്നു. 15 വയസ്സിനു മുകളിലുള്ള ഏതൊരാൾക്കും സാക്ഷരതാപഠനം നടത്താം. പരീക്ഷകൾ മികവുത്സവമായി നടത്തും. വിജയിക്കു ന്നവർക്ക് നാലാംതരം തുല്യതാകോഴ്സിൽ ചേരുന്ന തിനുള്ള അവസരവുമുണ്ട്.

**ഉയർന്ന സാക്ഷരതാനിരക്ക് കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി. സാക്ഷരരായ ഒരു സമൂഹം സർക്കാർ നയങ്ങളെയും നിയമങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ കഴിവുള്ള വരായിത്തീർന്നു. ഇത് ഭരണത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാൻ സഹായിച്ചു.**

## തുല്യതാ കോഴ്സുകൾ

ഇന്ത്യയിൽ തുല്യതാവിദ്യാഭ്യാസപരിപാടി നടക്കുന്ന ഏകസംസ്ഥാനമാണ് കേരളം. നിരവധി പേർക്ക് മുടങ്ങിപ്പോയ വിദ്യാഭ്യാസം പൂർത്തിയാ ക്കാനും ജോലി ലഭിക്കുന്നതിനും തൊഴിൽ മേഖലയിൽ സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരം ലഭിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി സഹകരിച്ചാണ് പഠനക്ലാസ്സുകൾ

നടപ്പാക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ ഫീസ് തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, ട്രാൻസ്ജെന്റർ തുടങ്ങിയ വിഭാഗങ്ങൾക്ക് പഠനം സൗജന്യമാണ്.

## നാലാംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന നാലാംതരം 2000 ത്തിൽ ആരംഭിച്ചു. 16 ബാച്ചുകൾ പൂർത്തീകരിച്ചു. 16-ാം ബാച്ചിന്റെ പരീക്ഷ 2024 ആഗസ്റ്റ് 29ന് നടന്നു. 487 പേർ പരീക്ഷയെഴുതിയതിൽ 476 പേർ വിജയിച്ചു. വിജയിച്ചവരിൽ 150 പുരുഷന്മാരും 326 സ്ത്രീകളുമാണ്. ഇതു വരെ പൂർത്തീകരിച്ച 16 ബാച്ചുകളിലായി ആകെ 1,09,826 പേർ പരീക്ഷ എഴുതുകയും 98,028 പേർ വിജയിക്കുകയും ചെയ്തു. (വിജയശതമാനം 89.25%) 17-ാം ബാച്ച് പരീക്ഷ 2025 ഓഗസ്റ്റ് 10 ന് നടന്നു. 18-ാം ബാച്ചിന്റെ രജിസ്ട്രേഷൻ 2025 മാർച്ച് 10 മുതൽ ആരംഭിച്ചു.

## ഏഴാംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന ഏഴാംതരം തുല്യതാകോഴ്സിന്റെ 17 ബാച്ചുകൾ പൂർത്തീകരിച്ചു. 2005 മുതൽ വിജയകരമായി നടത്തിവരുന്ന കോഴ്സിന്റെ കാലയളവ് 8 മാസമാണ്. സാക്ഷരതാമിഷൻ നടത്തിവരുന്ന തുല്യതാ കോഴ്സുകളുടെ നടത്തിപ്പിനും കോഴ്സുകൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി തുല്യതാബോർഡ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഏഴാംതരം തുല്യതാകോഴ്സുകളുടെ പൊതുപരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ സാക്ഷരതാമിഷൻ നേരിട്ടാണ് നടത്തുന്നത്. നാലാംതരം തുല്യതയോ, ഔപചാരിക നാലാം ക്ലാസോ വിജയിച്ചശേഷം പഠനം മുടങ്ങിയവർക്കു വേണ്ടിയാണ് ഏഴാംതരം തുല്യതാപരിപാടി ആരംഭിച്ചത്. 2005ൽ ആരംഭിച്ച ഏഴാംതരം തുല്യതാകോഴ്സിന്റെ 17 ബാച്ചുകൾ പൂർത്തീകരിച്ചു. ആകെ 87,298 പേർ പരീക്ഷ എഴുതുകയും 76,853 പേർ വിജയിക്കുകയും ചെയ്തു. (വിജയശതമാനം 88%). 18-ാം ബാച്ച് പരീക്ഷ 2025 ഓഗസ്റ്റ് 9, 10 തീയതികളിൽ നടന്നു. 19-ാം ബാച്ച് രജിസ്ട്രേഷൻ 2025 മാർച്ച് 10 മുതൽ ആരംഭിച്ചു.

## പത്താംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2006 ൽ ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സിന്റെ 17 ബാച്ചുകൾ പൂർത്തീകരിച്ചു. കോഴ്സ് കാലയളവ് 10 മാസമാണ്. പത്താംതരം തുല്യതാകോഴ്സ് മലയാളം മീഡിയത്തിനുപുറമെ, തമിഴ്, കന്നഡ മീഡിയങ്ങളിലും നടത്തിവരുന്നു. പൊതുപരീക്ഷ നടത്തിപ്പിന്റെയും സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും പൂർണ്ണ ചുമതല സംസ്ഥാന സർക്കാർ പൊതുപരീക്ഷാ ബോർഡിനാണ്. എസ്എസ്എൽസി അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേക്ക് പി.എസ്.സി പത്താംതരം തുല്യതാസർട്ടിഫിക്കറ്റും അംഗീകരിച്ചിട്ടുണ്ട്. ലക്ഷദ്വീപ്, ദുബായ്, അജ്മാൻ എന്നിവിടങ്ങളിൽ പത്താംതരം തുല്യതാ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഔപചാരിക ഏഴാംക്ലാസ് വിജയിച്ചവർ, ഏഴാംതരം തുല്യത വിജയിച്ചവർ, ഔപചാരിക എട്ടാം ക്ലാസിനും പത്താം ക്ലാസിനും ഇടയിൽ വച്ച് പഠനം നിർത്തിയവർ, എസ്എസ്എൽസി പരാജയപ്പെട്ടവർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. എസ്എസ്എൽസി പാഠ്യപദ്ധതിയോട് തുല്യത അവകാശപ്പെടാവുന്ന രീതിയിലാണ് പത്താംതരം തുല്യതാ കോഴ്സിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പത്താംതരം തുല്യതാകോഴ്സ് 2006 ൽ ആരംഭിക്കുകയും 17 ബാച്ചുകൾ പൂർത്തീകരിക്കുകയും ചെയ്തു. ആകെ 2,31,366 പേർ പരീക്ഷ എഴുതുകയും 1,82,704 പേർ വിജയിക്കുകയും ചെയ്തു. (വിജയശതമാനം 78.96%). 18-ാം ബാച്ചിന്റെ ക്ലാസ്സുകൾ നടന്നുവരുന്നു.

**1998 ൽ കേരള സർക്കാർ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് (KSLMA) രൂപം നൽകി. ഇത് സാക്ഷരതയ്ക്കും തുടർ സാക്ഷരതയ്ക്കും വേണ്ടിയുള്ള പരിപാടികളുടെ ഏകോപനവും തദ്ദേശസ്വയംഭരണ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള പ്രവർത്തനങ്ങൾക്ക് സംവിധാനത്തിന്റെ പിന്തുണയും ഉറപ്പുവരുത്തി.**

## ഹയർസെക്കൻഡറി തുല്യത

2015ൽ ആരംഭിച്ച ഹയർസെക്കന്ററി തുല്യതാകോഴ്സിന്റെ 8 ബാച്ചുകൾ പൂർത്തീകരിച്ചു. ആകെ 78,254 പേർ പരീക്ഷ എഴുതുകയും 62,818 പേർ വിജയിക്കുകയും ചെയ്തു. (വിജയശതമാനം 80%).

9-ാം ബാച്ചിന്റെ രണ്ടാംവർഷ ക്ലാസുകളും 10-ാം ബാച്ചിന്റെ ഒന്നാംവർഷ ക്ലാസുകളും നടന്നു. പ്രസ്തുത ബാച്ചുകളുടെ പൊതുപരീക്ഷ 2025 ജൂലൈയിൽ നടന്നു. 11-ാം ബാച്ച് (2025-2027) രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്.

തുല്യതാകോഴ്സിന്റെ ഒന്നാംവർഷം 10 വിഷയങ്ങളിലായി 13 സ്വയംപഠന സാമഗ്രികളും രണ്ടാം വർഷം 10 വിഷയങ്ങളിലായി 15 സ്വയംപഠന സാമഗ്രികളുമാണ് തയ്യാറാക്കിയിട്ടുള്ളത്. ഔപചാരിക പത്താം ക്ലാസ് വിജയിച്ചശേഷം പഠനം തുടരാൻ കഴിയാത്തവർ, പത്താംതരം തുല്യത വിജയിച്ചവർ, വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്തവർ തുടങ്ങി തുടർപഠനത്തിന് അവസരം ലഭിക്കാത്തവരാണ് ഹയർസെക്കന്ററി തുല്യതാകോഴ്സിന്റെ ഗുണഭോക്താക്കൾ. ഹയർസെക്കന്ററി തുല്യതാകോഴ്സിന് മാനവിക വിഷയങ്ങളായ ഹ്യുമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളാണ് ആരംഭിച്ചിട്ടുള്ളത്. പാർട്ട് I ഇംഗ്ലീഷ്, പാർട്ട് II മലയാളം/ ഹിന്ദി, പാർട്ട് III ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഗാന്ധിയൻ സ്റ്റഡീസ്, ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി എന്നീ വിഷയങ്ങളാണ് ഹയർസെക്കന്ററി പഠനത്തിനായുള്ളത്.

**ഇന്ത്യയിൽ തുല്യതാവിദ്യാഭ്യാസപരിപാടി നടക്കുന്ന ഏകസംസ്ഥാനമാണ് കേരളം. നിരവധി പേർക്ക് മുടങ്ങിപ്പോയ വിദ്യാഭ്യാസം പൂർത്തിയാക്കാനും ജോലി ലഭിക്കുന്നതിനും തൊഴിൽ മേഖലയിൽ സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരം ലഭിക്കുന്നു.**

## ഹയർസെക്കന്ററി തുല്യതാകോഴ്സ് വിജയികൾക്ക് തുടർപഠനാവസരം

ഹയർസെക്കന്ററി തുല്യതാപഠിതാക്കളിൽ ഉപരിപഠനത്തിന് യോഗ്യത നേടിയവർക്ക് തുടർപഠനം സാധ്യമാക്കുക എന്നത് പഠിതാക്കളുടെയും മിഷന്റെയും എക്കാലത്തെയും ആഗ്രഹമാണ്. അതിന്റെ ആദ്യ ചുവടുവയ്പ്പ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി. തദ്ദേശസ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി





ഹയർസെക്കന്ററി പഠിതാക്കൾക്ക് തുടർപഠനത്തിന് തുക വകയിരുത്തുന്നുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്താണ് ഈ പദ്ധതി ആദ്യ ഘട്ടത്തിൽ നടത്തുന്നത്. അറുന്നൂറിൽ അധികം പഠിതാക്കൾ തുടർപഠനാവസരം ഉപയോഗിക്കുന്നതിന് സജ്ജരായിക്കഴിഞ്ഞു. 2025 ആഗസ്ത് 30 ന് പദ്ധതിക്ക് തുടക്കമാകുന്നു.

## ദീപ്തി – ബ്രെയിലി സാക്ഷരതാപദ്ധതി

കാഴ്ചവെല്ലുവിളി നേരിടുന്നവരെ ശാക്തീകരിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പാണ് ബ്രെയിലി സാക്ഷരത. ഫെഡറേഷൻ ഓഫ് ബ്ലൈന്റ് അധ്യാപക ഫോറവുമായി ചേർന്ന് കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസ പിന്തുണ ഉറപ്പാക്കി കൊണ്ടാണ് (ദീപ്തി) ബ്രെയിലി സാക്ഷരതാപദ്ധതി മിഷൻ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്കായി ബ്രെയിലി ലിപിയിൽ പ്രാവീണ്യമുള്ള ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുകയും മേഖലാ തല പരിശീലനം നടത്തുകയും ചെയ്തു. ദീപ്തി – ബ്രെയിലി സാക്ഷരതാപദ്ധതിയുടെ പഠനോപകരണങ്ങൾ 2024 ഒക്ടോബർ 5 ന് വിതരണം ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ 24 പഠിതാക്കളും മറ്റ് പതിമൂന്ന് ജില്ലകളിൽ നിന്നും ഓരോ പഠിതാക്കളും പഠനോപകരണങ്ങൾ ഏറ്റു വാങ്ങി. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർകോഡ് എന്നീ ജില്ലകളിൽ ക്ലാസുകൾ പുരോഗമിക്കുന്നു. ആകെ 350 പേർ ക്ലാസുകളിൽ പങ്കെടുക്കുന്നു. കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. അസാപ് കേരളയുമായി സഹകരിച്ചു ദീപ്തി പദ്ധതിയിലെ പഠിതാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ട്.

## സമന്വയ –ട്രാൻസ്ജൻഡേഴ്സ് തുടർവിദ്യാഭ്യാസപദ്ധതി

ട്രാൻസ്ജൻഡർ വിഭാഗങ്ങളെ പഠനത്തോടൊപ്പം സാംസ്കാരികവും വൈജ്ഞാനികവുമായി മികവുള്ളവരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സാമൂഹിക നീതിവകുപ്പും സംയുക്തമായി നടപ്പാക്കിവരുന്ന വിദ്യാഭ്യാസപദ്ധതിയാണ് സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി.

നിലവിൽ സാക്ഷരതയിൽ തുടങ്ങി ഹയർ സെക്കന്ററി തലം വരെയാണ് രജിസ്ട്രേഷൻ നടത്തിവരുന്നത്. പദ്ധതിയിൽ തൊഴിൽ/ജീവിത നൈപുണി സാധ്യതകൾ കൂടി ഉൾപ്പെടുത്തി ട്രാൻസ്ജൻഡർ വിഭാഗക്കാരെ കൂടുതൽ ആത്മവിശ്വാസമുള്ള സമൂഹമായി മാറ്റുവാൻ ഉതകുന്ന തരത്തിൽ വിപുലപ്പെടുത്തുവാൻ കേരള സംസ്ഥാനസാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നു. സാക്ഷരതാ-തുല്യതാ കോഴ്സുകളിൽ പഠിക്കുന്ന ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പിനു പുറമേ പരീക്ഷാ കാലയളവിൽ താമസിക്കുന്നതിനായുള്ള പഠനവീട് സമ്പ്രദായവും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഒരുക്കിയിരിക്കുന്നു.

പഠിതാക്കൾക്ക് നല്കിവരുന്ന സ്കോളർഷിപ്പ് ചുവടെ ചേർക്കുന്നു:

- സാക്ഷരതാ പഠിതാവിന് 1000/- രൂപ വീതം 4 മാസകാലയളവിൽ
- നാലാംതരം പഠിതാവിന് 1000/- രൂപ വീതം 6 മാസകാലയളവിൽ
- ഏഴാംതരം പഠിതാവിന് 1000/- രൂപ വീതം എട്ട് മാസകാലയളവിൽ
- പത്താംതരം പഠിതാവിന് 1000/- രൂപ വീതം 10 മാസകാലയളവിൽ
- ഹയർസെക്കന്ററി പഠിതാവിന് 1250/- രൂപ വീതം 10 മാസകാലയളവിൽ

നിലവിൽ 12 ട്രാൻസ്ജൻഡർ പഠിതാക്കൾ ഹയർ സെക്കൻഡറി തുല്യതയിൽ പഠനം നടത്തിവരുന്നു.

## ചങ്ങാതി പദ്ധതി

കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ആശയവിനിമയത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് ചങ്ങാതി പദ്ധതി. കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2016 ൽ ആരംഭിച്ച ഈ പദ്ധതി കേരളീയർക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കുമിടയിൽ സൗഹൃദം വളർത്തുക, മലയാള ഭാഷയിൽ പ്രാഥമിക അടിസ്ഥാനം ഉറപ്പ് വരുത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 2016 ഡിസംബർ 12 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ചങ്ങാതി പദ്ധതി നാല് ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കി.

പദ്ധതിയുടെ നാലാം ഘട്ടം കേരളസർക്കാരിന്റെ നാലാം നൂറുദിനകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. 2024 ആഗസ്റ്റ് 25ന് 13 ജില്ലകളിലായി നാലാംഘട്ടം പരീക്ഷ (മികവുത്സവം) നടത്തി. 2506 പേർ പരീക്ഷ എഴുതി. അതിൽ 1848 പുരുഷന്മാരും 658 സ്ത്രീകളുമാണ്. പരീക്ഷാഫലങ്ങൾ 2024 ഒക്ടോബർ 5ന് പ്രഖ്യാപിച്ചു. ആകെ 2480 പേർ സാക്ഷരരായി. പരീക്ഷ എഴുതിയവരിൽ 1822 പുരുഷന്മാരും 658 സ്ത്രീകളും സാക്ഷരരായി.

ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ അതിഥി തൊഴിലാളി സ്ത്രീകൾ പരീക്ഷയെഴുതിയത്. മുഴുവൻ പേരും സാക്ഷരത നേടി (561 പേർ). പള്ളിപ്പുറം പല്ലുവേലി ഗവ.യു.പി എസ് പഠന കേന്ദ്രത്തിലാണ് പരീക്ഷ നടന്നത്. ചങ്ങാതി പദ്ധതിയിൽ സ്ത്രീകൾ മാത്രം പരീക്ഷയെഴുതി വിജയിച്ച സംസ്ഥാനത്തെ ഏക കേന്ദ്രമാണ് പള്ളിപ്പുറം.

പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കും വിധം സമൂഹത്തിന്റെ സവിശേഷതകളും ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മനുഷ്യാവകാശങ്ങളും പരിചയപ്പെടുത്തുന്ന വിധത്തിലാണ് 'ഹമാരി മലയാളം' പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുമാനമാർഗ്ഗത്തിനായി കേരളത്തിൽ എത്തിച്ചേരുന്ന തൊഴിലാളികളെ അവരുടെ സാമൂഹികമായ നിലനില്പിനാവശ്യമായ വിജ്ഞാനം വളർത്തുന്ന ഈ പദ്ധതി ആരോഗ്യ - സാമ്പത്തിക -ശുചിത്വ സാക്ഷരതയെക്കുറിച്ചും ഇവർക്ക് അവബോധം വളർത്തുന്ന നിലയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആൻഡ് ഇൻക്ലൂസിവ് ഗവേണൻസ് (CMPIG) വിഭാഗവുമായി ചേർന്നുകൊണ്ട് പരിഷ്കരിച്ചു നടപ്പാക്കുകയാണ്. ഇപ്പോൾ പദ്ധതിയുടെ കാലയളവ് നാല് മാസമാണ്.

## ജയിൽ ജ്യോതി

കേരളസംസ്ഥാന സാക്ഷരതാമിഷനും ജയിൽ വകുപ്പും സംയുക്തമായി സംസ്ഥാനത്തെ ജയിലുകളിലെ തുടർ പഠനം ആഗ്രഹിക്കുന്ന അന്തേവാസികൾക്കായി ആരംഭിച്ച പദ്ധതിയാണ് ജയിൽജ്യോതി. ഇതിൽ സാക്ഷരത മുതൽ ഹയർസെക്കന്ററി തുല്യത വരെയുള്ള വിവിധ കോഴ്സുകൾ നടത്തുന്നു. തുടർ പഠനത്തിലൂടെ അവരുടെ വ്യക്തിഗത വളർച്ചയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള അവസരം നൽകുന്നു. ജയിൽ ചട്ടങ്ങളിൽ പ്രിസൺ ആൻഡ് കറക്ഷണൽ സർവീസ് ചട്ടം 258(7) പ്രകാരം എല്ലാ അന്തേവാസികളെയും എഴുതാനും വായിക്കാനും പഠിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് സംസ്ഥാനത്തെ ജയിലുകളിൽ പദ്ധതി നടപ്പാക്കുന്നത്.

## നവചേതന പദ്ധതി

പട്ടികജാതികോളനികളിൽ നിരക്ഷരതാ നിർമ്മാർജനം ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് നവചേതന. പദ്ധതിയുടെ നാല് ഘട്ടങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. നാലാംഘട്ടത്തിൽ നാലാംതരം തുല്യതാ ക്ലാസുകളാണ് നടന്നത്. കേരളസർക്കാരിന്റെ നാലാം നൂറുദിനകർമ്മ പരിപാടിയിൽ നവചേതന നാലാംഘട്ടം പദ്ധതി ഉൾപ്പെടുത്തിയിരുന്നു. 2024 ആഗസ്റ്റ് 25 ന് 14 ജില്ലകളിലായി പരീക്ഷ നടത്തി. പരീക്ഷാഫലം 2024 ഒക്ടോബർ 5 ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചു. 3663 പേർ പരീക്ഷയെഴുതിയതിൽ (2690



**കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ആശയവിനിമയത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് ചങ്ങാതി പദ്ധതി. ഈ പദ്ധതി കേരളീയർക്കും ഇതരസംസ്ഥാന തൊഴിലാളികൾക്കുമിടയിൽ സൗഹൃദം വളർത്തുക, മലയാള ഭാഷയിൽ പ്രാഥമിക അടിസ്ഥാനം ഉറപ്പ് വരുത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്.**

സ്ത്രീകളും 973 പുരുഷന്മാരും) 3573 പേർ വിജയിച്ചു (2621 സ്ത്രീകളും 952 പുരുഷന്മാരും).

## മുന്നേറ്റം

തുടർവിദ്യാഭ്യാസം നല്കുന്നതോടൊപ്പം സ്ത്രീകളുടെ ഉന്നമനം, സ്ത്രീശാക്തീകരണം എന്നിവ ലക്ഷ്യമാക്കി കേരളസംസ്ഥാന സാക്ഷരതാമിഷനും മഹിളാസമഖ്യ സൊസൈറ്റിയുമായി ചേർന്ന് നടത്തുന്ന മുന്നേറ്റം പദ്ധതിക്ക് 2023 സെപ്തംബർ 8 ലോകസാക്ഷരതാ ദിനത്തിൽ തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമായി സാക്ഷരതാമിഷന്റെ ബഹുഭൂരിഭാഗം വരുന്ന ഗുണഭോക്താക്കളായ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം, ജീവിതനൈപുണി, തൊഴിൽ നൈപുണി എന്നിവ മെച്ചപ്പെടുത്തി സമൂഹത്തിൽ അവരുടെ അന്തസ്സ് ഉയർത്തുന്നതിന് അനുയോജ്യമായ വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## ജൻഡർ സാക്ഷരതാപദ്ധതി

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സാമൂഹ്യസാക്ഷരതാപദ്ധതിയിൽ ഉൾപ്പെടുത്തി ജൻഡർ സാക്ഷരതാപദ്ധതി നടപ്പാക്കുന്നു. സാക്ഷരത തുല്യതാ പഠിതാക്കൾക്കും പ്രേരക്മാർക്കും തുല്യതാ അധ്യാപകർക്കും ജൻഡർ ബോധവല്ക്കരണം നടത്തുക, ജൻഡർ അവബോധം സമൂഹത്തിന്റെ അടിത്തട്ടിലെത്തിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി SCERTയുടെ നേതൃത്വത്തിൽ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

## ഹോപ്പ്

പലകാരണങ്ങളാൽ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളേയും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെട്ടവരെയും കണ്ടെത്തി, ക്ലാസുകൾ നൽകി അവരെ പഠനവഴിയിലേക്ക് തിരികെകൊണ്ടുവരുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി കേരള പോലീസ് ഡിപ്പാർട്ട്മെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹോപ്പ്. പദ്ധതിയിലൂടെ 22 വയസിനു താഴെയുള്ള പത്താം ക്ലാസ് വിജയികളല്ലാത്തവരെ പത്താംതരം തുല്യതാകോഴ്സിൽ ചേർത്ത് പഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കണമെന്ന് സോഷ്യൽ പോലീസിങ് ഡയറക്ടറേറ്റിൽനിന്ന് ആവശ്യപ്പെട്ടതു പ്രകാരം സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാ കോഴ്സിൽ കുട്ടികൾ പഠനം നടത്തി വരുന്നു.

## സർട്ടിഫിക്കറ്റ് കോഴ്സ്

മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ആരംഭിച്ച പദ്ധതികളാണ് പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ്. പതിനേഴ് വയസ്സ് പൂർത്തിയായവർക്കും

**1400 –ാളം വരുന്ന സാക്ഷരതാ പ്രേരക്മാരെ മുന്നിൽ നിർത്തി അവർക്ക് സാമൂഹ്യ പിന്തുണാ സംവിധാനങ്ങളുടെ സഹായവും സാമ്പത്തിക പിന്തുണയും ഉറപ്പുവരുത്തി, സാക്ഷരതാ ദൗത്യം സജീവമായി മുന്നോട്ടു കൊണ്ടുപോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചേടത്തോളം, സാക്ഷരതാ കാംപയിൻ ഒറ്റപ്പെട്ട ഒന്നല്ല, വിട്ടുവീഴ്ചയില്ലാതെ ഉയർത്തിപ്പിടിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) ഒരു അവിഭാജ്യ ഇനമാണത്.**

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്ത മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവർക്കും മലയാളം പഠിക്കാൻ അവസരം നല്കുന്ന കോഴ്സാണ് പച്ചമലയാളം കോഴ്സ്.

പല കാരണങ്ങളാൽ മലയാളഭാഷ അറിയാത്തവരായി ഒരു വിഭാഗം കേരളീയർ സംസ്ഥാനത്തിനകത്തും പുറത്തുമുണ്ട്. അങ്ങനെയുള്ളവർക്ക് മലയാളഭാഷ പഠിക്കുന്നതിനും സ്വന്തം ഭാഷാപാരമ്പര്യത്തിന്റെ മധുരം നുണയുന്നതിനും ആ സംസ്കാരത്തിന്റെ ഭാഗമാകുന്നതിനും സാഹചര്യം ഒരുക്കേണ്ടതാണ്. മാത്രമല്ല ഭരണഭാഷയും കോടതിഭാഷയുമൊക്കെ പൂർണ്ണമായും മലയാളം ആകേണ്ടതുമുണ്ട്. ഫയലുകളും സർക്കാർ വിനിമയങ്ങളും മലയാളത്തിലായിക്കഴിഞ്ഞു. പിഎസ്സി പരീക്ഷകളിൽ മലയാളം നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാമൂഹികസമ്മർദ്ദങ്ങൾ മലയാളപഠനം അനിവാര്യമാണെന്ന തോന്നൽ ഉണ്ടാകാൻ കാരണമായിട്ടുണ്ട്. ഈ സവിശേഷ സാഹചര്യത്തിലാണ് കേരളസംസ്ഥാന സാക്ഷരതാമിഷൻ നിലവിലുണ്ടായിരുന്ന പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്ത

മാക്കാൻ പര്യാപ്തമായ രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ഒരു വർഷം ദൈർഘ്യത്തിൽ 6 മാസം വീതമുള്ള രണ്ട് ഘട്ടമായാണ് കോഴ്സ് നടത്തുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിൽ എട്ടാംക്ലാസ് മുതലുള്ള വിദ്യാർഥികൾക്കും പത്താംക്ലാസ്/ പത്താംതരം തുല്യത വിജയിച്ചവർക്കും ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകളിൽ ചേരാം.

## സ്മാർട്ട് - ഓഫീസ് & ഡിജിറ്റൽ സ്കിൽസ്

തുല്യതാകോഴ്സിലെ പഠിതാക്കൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സാക്ഷരതാമിഷൻ ആരംഭിച്ച കോഴ്സാണ് സ്മാർട്ട് - ഓഫീസ് & ഡിജിറ്റൽ സ്കിൽസ്. നാല് മാസ കാലയളവിൽ നടത്തുന്ന ഈ കോഴ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ഒ. ആർ കേളു വയനാട്ടിൽ 2025 ആഗസ്ത് 25 ന് നടത്തി. ഈ കോഴ്സിന്റെ ഫീസ് ഏഴായിരം രൂപയാണ്.

സാക്ഷരത പ്രവർത്തനത്തിന്റെ ഈ മുന്നേറ്റം സ്ത്രീ-പുരുഷ വിദ്യാഭ്യാസത്തിലെ അന്തരം കുറയ്ക്കുന്നതിനു കാരണമായി. അക്ഷരജ്ഞാനത്തിനപ്പുറം, ഭാവിയിൽ എല്ലാ പൗരന്മാരെയും ആധുനിക ലോകത്തിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തരാക്കുക എന്നതാണ് വിവിധ പദ്ധതികളിലൂടെ സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്.

1400-ാളം വരുന്ന സാക്ഷരതാ പ്രേരക്മാരെ മുന്നിൽ നിർത്തി അവർക്ക് സാമൂഹ്യ പിന്തുണാ സംവിധാനങ്ങളുടെ സഹായവും സാമ്പത്തിക പിന്തുണയും ഉറപ്പുവരുത്തി, സാക്ഷരതാ ദൗത്യം സജീവമായി മുന്നോട്ടു കൊണ്ടുപോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചേടത്തോളം, സാക്ഷരതാ കാംപയിൻ ഒറ്റപ്പെട്ട ഒന്നല്ല, വിട്ടുവീഴ്ചയില്ലാതെ ഉയർത്തിപ്പിടിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) ഒരു അവിഭാജ്യ ഇനമാണത്.



# കേരളം സാക്ഷരതയിൽ ഒന്നാമത്

# ഡിജിറ്റൽ സാക്ഷരതയിലും



(105 വയസുള്ള എംഎ അബ്ദുള്ള മൗലവിയും സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ പഠിച്ചു)

## 1991 ൽ രാജ്യത്തെ
## ആദ്യ സമ്പൂർണ്ണ
## സാക്ഷര സംസ്ഥാനമായി
## കേരളം രാജ്യത്തിന് വഴികാട്ടി

- യുനെസ്കോ അഭിനന്ദിച്ച നേട്ടം
- ജനകീയാസൂത്രണത്തിലൂടെ കരുത്തുനേടി തുടർ സാക്ഷരതാപ്രവർത്തനം
- 1998 ൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് (KSLMA) രൂപം നൽകി
- ജില്ലാ തലത്തിൽ സാക്ഷരതാ മിഷനുകൾ
- തുടർ സാക്ഷരതാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ 1400ൽ അധികം സാക്ഷരതാ പ്രേരക്മാർ

## 2025 ആഗസ്ത് 21 ന്
## കേരളം സമ്പൂർണ്ണ
## ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി
## മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു.

- രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര സംസ്ഥാനം
- 83.46 ലക്ഷം കുടുംബങ്ങളിൽ സർവ്വേ; 21.87 ലക്ഷം പേർക്ക് പരിശീലനം
- ഡിജിറ്റൽ വിടവ് ഇല്ലാതാക്കി ലോകാംഗീകാരത്തിലേക്ക്



ദീപ. കെ.

# കേരളം എന്തിന് ഡിജിറ്റലാവണം !

ഒരാൾ ഡിജിറ്റൽ സാക്ഷരതയുടെ ലോകത്തേക്ക് പ്രവേശിക്കുന്നത്, സാമൂഹിക അനുഭവങ്ങളുടെ പുതിയൊരു ലോകത്തേക്ക് കടക്കുന്നതു പോലെയാണ്. വൈജ്ഞാനിക വികാസത്തിന്റെ പാതയിലുള്ള സമൂഹത്തിൽ നിരന്തരം വികസിക്കുന്ന ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്താൻ മാത്രമല്ല, സാമൂഹികമായി പിൻതള്ളപ്പെട്ടു പോകാതിരിക്കാനും ഡിജിറ്റൽ അറിവുകൾ കൂടിയേ തീരൂ. ഡിജിറ്റൽ സാക്ഷരത മൊബൈൽ ഫോൺ പ്രവർത്തിപ്പിക്കുന്നതിലോ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിലോ അവസാനിക്കുന്നില്ല. അത് ആധുനിക വിവര വിനിമയത്തിലൂടെ അനന്തമായ അറിവുകളിലേക്കും ആശയങ്ങളിലേക്കും സാമൂഹ്യ, സാമ്പത്തിക ഉൾക്കൊള്ളലിന്റെ പുതിയ മേഖലകളിലേക്കും ഇ-ഗവണൻസ് സേവനങ്ങളിലേക്കും വഴി തുറക്കുന്നു. വിദ്യാർത്ഥികൾക്ക് അത് ആഗോള ക്ലാസ് മുറികളും അതിരുകളില്ലാത്ത പഠന സാമഗ്രികളുമാണ്. തൊഴിലാളികൾക്ക് പുതിയ കഴിവുകളിലേക്കും തൊഴിലവസരങ്ങളിലേക്കുമുള്ള പ്രവേശനമാണ്. അത് സർക്കാർ സേവനങ്ങളിലേക്കും അവകാശങ്ങളിലേക്കും എളുപ്പമെത്താനുള്ള മാർഗമാണ്. ഡിജിറ്റൽ സാക്ഷരത ഒരു സാങ്കേതിക വിദ്യാഭ്യാസ പദ്ധതിയല്ല; വ്യക്തിക്കും സമൂഹത്തിനും സ്വയം




കണ്ടെത്താനും നവീകരിക്കാനും വളരാനും കഴിവ് നൽകുന്ന സാമൂഹ്യ, സാങ്കേതിക ശക്തിയാണത്.

യുവതലമുറ, പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ഡിജിറ്റൽ ലോകത്തിലെ പുതിയ സാധ്യതകളും പ്രവണതകളും വളരെ വേഗത്തിൽ സ്വീകരിക്കുന്നു. സാങ്കേതിക വികാസത്തോടൊപ്പം, മുഴുവൻ സമൂഹത്തെയും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിലാണ് യഥാർത്ഥ വെല്ലുവിളി. ഡിജിറ്റൽ സാക്ഷരത ഏതാനും ഉപകരണങ്ങൾ പരിചയപ്പെടുന്നതോ ഇന്റർനെറ്റിലേക്കുള്ള പ്രവേശനം സാധ്യമാക്കുന്നതോ മാത്രമല്ല. സാങ്കേതിക വിദ്യ അർത്ഥവത്തായി ഉപയോഗിക്കാനുള്ള ശേഷിയും ആത്മവിശ്വാസവും അതിന്റെ ഭാഗമാണ്. മുതിർന്ന തലമുറയും, ഗ്രാമീണ ജനതയിലെ ഒരു വിഭാഗവും സാമൂഹിക പിന്നാക്കാവസ്ഥ നേരിടുന്നവരും ഈ മാറ്റങ്ങൾക്ക് ഒപ്പമെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്നു. ഈ സാഹചര്യത്തിലാണ് ഡിജികേരളം കാമ്പെയിൻ ഒരു മാതൃകാ ഇടപെടലായി മാറുന്നത്. പ്രായം, ലിംഗപദവി, വരുമാനം, ഭൂമിശാസ്ത്ര സ്ഥാനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കി, ഓരോ വിഭാഗവും ഡിജിറ്റൽ സാക്ഷരതയും ഡിജിറ്റൽ ശാക്തീകരണവും കൈവരിക്കണം. യുവാക്കൾക്ക് ഇടയിലെ പ്രവണതകൾ മാത്രം നോക്കാതെ, മുഴുവൻ സമൂഹവും എത്രത്തോളം മുന്നേറുന്നു എന്നതാണ് ഡിജിറ്റൽ പുരോഗതിയുടെ യഥാർത്ഥ അളവുകോൽ. തലമുറകൾക്കിടയിലും വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്ക് ഇടയിലുമുള്ള വിടവ് നീക്കി, സാങ്കേതിക വിദ്യയെ ഉൾക്കൊള്ളലിന്റെ ഉപാധിയാക്കി മാറ്റുകയാണ് ഡിജികേരളം ചെയ്യുന്നത്.

ഇന്നത്തെ ലോകത്ത് ഡിജിറ്റൽ സാക്ഷരത എന്നത് സാങ്കേതിക പുരോഗതിക്കൊപ്പം വ്യക്തിയുടെ സ്വാതന്ത്ര്യവും ആത്മാഭിമാനവും ഉറപ്പാക്കുന്നതിനുള്ള അനിവാര്യമായ കഴിവായി മാറിയിരിക്കുന്നു. ഡിജിറ്റൽ സംവിധാനങ്ങൾ മനുഷ്യരുടെ ചിന്തകളെയും വികാരങ്ങളെയും സ്വാധീനിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് ലോകം കടക്കുകയാണെന്ന് യുവാൽ നോഹ ഹരാരി പോലുള്ള ചിന്തകർ ചൂണ്ടിക്കാട്ടുന്നു. സാങ്കേതികതയെ അറിയാനും വിമർശനാത്മകമായി മനസ്സിലാക്കാനും അതിന്റെ വഴിയിലൂടെ സുരക്ഷിതമായി സഞ്ചരിക്കാനുമുള്ള അറിവും പരിശീലനവും പ്രധാനമാണ്. വായന മുതൽ ദൈനംദിന ആശയവിനിമയം വരെയുള്ള എല്ലാ മേഖലകളിലും ഡിജിറ്റൽ ഉപകരണങ്ങൾ അറിവിന്റെ പങ്കുവെയ്പ്പിനെ പുതിയ ഉയരങ്ങളിൽ എത്തിച്ചിരിക്കുന്നു. സാങ്കേതികശക്തിയുടെ

സാങ്കേതികതയെ അറിയാനും വിമർശനാത്മകമായി മനസ്സിലാക്കാനും അതിന്റെ വഴിയിലൂടെ സുരക്ഷിതമായി സഞ്ചരിക്കാനുമുള്ള അറിവും പരിശീലനവും പ്രധാനമാണ്.

വളർച്ചയെ ശരിയായ വിവേകത്തോടെ വിനിയോഗിക്കാൻ കഴിയുമോ എന്നതാണ് മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ചോദ്യമെന്ന് സ്റ്റീഫൻ ഹോക്കിങ് ചൂണ്ടിക്കാണിച്ചത് ഓർമ്മിക്കാവുന്നതാണ്. സാങ്കേതികവിദ്യകൾ പുതിയ സൗകര്യങ്ങൾ മാത്രമല്ല നൽകുന്നത്, സമൂഹത്തെയും സംസ്കാരത്തെയും അത് പുന:സംഘടിപ്പിക്കുന്നു. വ്യക്തിയുടെ സാമൂഹിക ബോധവും അയാളുടെ സ്വയംബോധവും ഈ സാങ്കേതിക പരിവർത്തനങ്ങളുടെ സ്വാധീനപരിധിയിലാണ്. ലോകത്തെ മുഴുവൻ അറിവും ഇന്റർനെറ്റിലൂടെ എല്ലാവരുടെയും വിരൽത്തുമ്പിൽ എത്തിയിരിക്കുന്നു.

ഡിജിറ്റൽ വിടവ് ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകത നിരവധി യു.എൻ രേഖകളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ വിടവ് ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഐക്യരാഷ്ട്രസഭാ

സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടെറസ് ലോക രാജ്യങ്ങളോട് നിരന്തരം ആവശ്യപ്പെട്ടു വരുന്നു. ഈ ലക്ഷ്യത്തോടെയാണ് ഗ്ലോബൽ ഡിജിറ്റൽ കോംപാക്റ്റ് പോലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചത്. വേൾഡ് സമ്മിറ്റ് ഓൺ ദ ഇൻഫർമേഷൻ സൊസൈറ്റി ഇതിലേക്കുള്ള പ്രധാന ചുവടുവയ്പായിരുന്നു.

2030-ാടെ ലോകത്ത് ഡിജിറ്റൽ സാങ്കേതികബന്ധം സാർവ്വത്രികമാക്കാൻ യു.എൻ ലക്ഷ്യമിടുന്നു. ഡിജിറ്റൽ അറിവുകളിലേക്കുള്ള പ്രവേശനം മനുഷ്യാവകാശമായാണ് ഐക്യരാഷ്ട്രസഭ കാണുന്നത്. സ്ത്രീകൾ, പിന്നോക്ക സമൂഹങ്ങൾ എന്നീ വിഭാഗങ്ങളെ ഡിജിറ്റൽ വിടവ് ബാധിച്ചിട്ടുള്ളതായി യു.എൻ വിലയിരുത്തുന്നു. വിവിധ രാജ്യങ്ങളിലെ, വിശേഷിച്ച് പിന്നോക്ക അവികസിത രാജ്യങ്ങളിലെ, വിദൂര ഗ്രാമപ്രദേശങ്ങൾ ഇപ്പോഴും ഒരളവുവരെ ഡിജിറ്റൽ ലോകത്തിന് പുറത്താണ്. ഇന്റർനെറ്റ് സൗകര്യങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുക, ഡിജിറ്റൽ ഉള്ളടക്കങ്ങൾ പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക, ജനങ്ങളുടെ ഡിജിറ്റൽ കഴിവുകൾ മെച്ചപ്പെടുത്തുക എന്നിവ ഈ പശ്ചാത്തലത്തിൽ പ്രധാനമാണ്. നിർമ്മിത ബുദ്ധി പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ ഈ വിടവ് കൂടുതൽ വലുതാക്കാൻ ഇടയുള്ള സാഹചര്യത്തിൽ ഇതിനെതിരെ ലോകവ്യാപകമായ ജാഗ്രത ആവശ്യമാണെന്ന് യു.എൻ. വ്യക്തമാക്കുന്നു.

ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ വിദ്യാഭ്യാസത്തിൽ ഡിജിറ്റൽ സാക്ഷരത അക്ഷരങ്ങൾ കൂട്ടിവായിക്കാനുള്ള ശേഷിയും അക്കങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവും (literacy & numeracy) പോലെ അടിസ്ഥാനപരമാണെന്ന് 2020 ലെ ദേശീയ വിദ്യാഭ്യാസ നയം വ്യക്തമാക്കുന്നു. ഡിജിറ്റൽ കഴിവുകൾ അടിസ്ഥാന ശേഷിയായി കണക്കാക്കി രൂപപ്പെടുത്തുന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളിൽ പാഠ്യപദ്ധതികൾ തയ്യാറാക്കേണ്ടതെന്ന് ഈ നയം അടിവരയിടുന്നു. ഇന്നത്തെ കാലത്ത് ഡിജിറ്റൽ സാക്ഷരത യുവാക്കൾക്ക് മാത്രമല്ല പ്രായമായവർക്കും അത്ര തന്നെ നിർണായകമാണ്. ബാങ്കിങ്, ആരോഗ്യ സേവനങ്ങൾ, സർക്കാർ പദ്ധതികൾ, പെൻഷൻ വിതരണം, ആശയവിനിമയം ഇവയെല്ലാം ഡിജിറ്റൽ സങ്കേതങ്ങളിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ഡിജിറ്റൽ കഴിവുകൾ ആർജ്ജിക്കുന്നതിൽ മുതിർന്ന തലമുറ പരാജയപ്പെട്ടാൽ ഒറ്റപ്പെടുത്തലും ആശ്രിതജീവിതവുമാണ് അവരെ കാത്തിരിക്കുന്നതെന്ന് പറയേണ്ടിവരും. അതേസമയം, ഡിജിറ്റൽ സാക്ഷരത

> 2030ഓടെ ലോകത്ത് ഡിജിറ്റൽ സാങ്കേതികബന്ധം സാർവ്വത്രികമാക്കാൻ യു.എൻ ലക്ഷ്യമിടുന്നു. ഡിജിറ്റൽ അറിവുകളിലേക്കുള്ള പ്രവേശനം മനുഷ്യാവകാശമായാണ് ഐക്യരാഷ്ട്രസഭ കാണുന്നത്.





അവർക്ക് സ്വാശ്രയത്വവും മാന്യതയും നൽകും. ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ അറിയുന്ന ഒരു മുതിർന്ന പൗരന് ഓൺലൈൻ ചികിത്സ തേടാനും, പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിൽ സ്വീകരിക്കാനും, മക്കളുമായി വീഡിയോ കോൾ വഴി സംസാരിക്കാനും സർക്കാർ സേവനങ്ങൾ മറ്റാരുടെയും സഹായമില്ലാതെ ഉപയോഗപ്പെടുത്താനും കഴിയും. പ്രായമായവർക്കുള്ള ഡിജിറ്റൽ സാക്ഷരത ഒരു ആഡംബരം അല്ലതന്നെ. സാമൂഹിക ഉൾക്കൊള്ളലിനും മികച്ച ജീവിതത്തിനും അത് അനിവാര്യമാണ്.

വിദ്യാഭ്യാസത്തിലും മനുഷ്യവിഭവ ശേഷിയിലും (Human Resource) രാജ്യത്തു തന്നെ മുൻപന്തിയിലാണ് കേരളത്തിന്റെ സ്ഥാനം. എന്നാൽ 21-ാം നൂറ്റാണ്ടിൽ, നേരത്തേ ആർജ്ജിച്ചു വച്ച അറിവും കഴിവും മാത്രമല്ല, അവയെ ഡിജിറ്റൽ സാധ്യതകളുമായി ചേർത്തുപയോഗിക്കാനുള്ള ശേഷിയും അത്രതന്നെ നിർണായകമാണ്. ഡിജിറ്റൽ സാക്ഷരത കേരളത്തിലെ തൊഴിൽ സാധ്യതകളും ആഗോള തൊഴിൽ വിപണിയിലേക്കുള്ള പ്രവേശനവും കൂടുതൽ വിപുലീകരിക്കുന്നു. ഐ.ടി., സേവനമേഖല, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, സർക്കാർ സേവനങ്ങൾ തുടങ്ങി എല്ലാ മേഖലകളും ഇന്നത്തെ സാഹചര്യത്തിൽ ഡിജിറ്റൽ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ, ഡിജിറ്റൽ കഴിവുകൾ മനുഷ്യവിഭവശേഷിയുടെ മൂല്യം വർദ്ധിപ്പിക്കുന്നു. യുവാക്കൾ മാത്രമല്ല, തൊഴിലാളികളും, സ്ത്രീകളും, മുതിർന്നവരും ഡിജിറ്റൽ സാക്ഷരത കൈവരിക്കുമ്പോൾ സംസ്ഥാനത്തിന്റെ മനുഷ്യവിഭവ ശേഷി ലോകോത്തര നിലവാരത്തിലേക്ക് ഉയരും. അതുകൊണ്ടുതന്നെ, ഡിജിറ്റൽ സാക്ഷരത സംസ്ഥാനത്തിന്റെ മനുഷ്യവിഭവശേഷിയെ മുന്നോട്ട് കൊണ്ടുപോകുന്ന കരുത്തുറ്റ എൻജിനാണ്.

കേരളം സാമൂഹിക വികസന സൂചികകളിൽ (Social Development Indicators) രാജ്യത്തു തന്നെ ഏറ്റവും മുന്നിലാണ് - ഉയർന്ന വിദ്യാഭ്യാസ നിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, ഉയർന്ന പ്രതീക്ഷിത ആയുസ്, പൊതുജനാരോഗ്യ സംവിധാനങ്ങളുടെ സാർവ്വത്രികത, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ കേരളം രാജ്യത്തിന് മാതൃകയാണ്. ഇത്തരത്തിലുള്ള നേട്ടങ്ങൾ നിലനിർത്താനും ശക്തിപ്പെടുത്താനും ഡിജിറ്റൽ സാക്ഷരത സഹായകരമാകും. ഡിജിറ്റൽ കഴിവുകൾ വിദ്യാഭ്യാസത്തിന്റെ വ്യാപനം ശക്തമാക്കാനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ വിദൂര സ്ഥലങ്ങളിലും എത്തിക്കാനും സ്ത്രീകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും അധിക അവസരങ്ങൾ തുറന്നുകൊടുക്കാനും സഹായിക്കും. സർക്കാർ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ, തൊഴിൽ അവസരങ്ങൾ എന്നിവ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ കൂടുതൽ എളുപ്പത്തിൽ സ്വായത്തമാക്കാൻ ജനങ്ങൾക്ക് കഴിയുന്നതോടെ, സാമൂഹിക നീതി ഉറപ്പാക്കപ്പെടുകയും വികസനത്തിന്റെ ഗുണം എല്ലാവർക്കും നീതിയുക്തമായി ലഭിക്കുകയും ചെയ്യും. അതിനാൽ, ഡിജിറ്റൽ സാക്ഷരത കേരളത്തിന്റെ സാമൂഹിക വികസന സൂചികകളെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു അടിസ്ഥാന ഘടകമായി പ്രവർത്തിക്കും.

ജനങ്ങളുടെ ജീവിതത്തിൽ വൻ മാറ്റങ്ങൾ സൃഷ്ടിച്ച സാമൂഹിക പ്രസ്ഥാനങ്ങളുടെ ആകെത്തുകയായിരുന്നു കേരളത്തിന്റെ നവോത്ഥാനം. അജ്ഞതയും അന്ധവിശ്വാസവും ഇല്ലാതാക്കി, വിദ്യാഭ്യാസം, സാമൂഹികനീതി, ജാതിനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം എന്നിവ മുൻനിർത്തിയ നവോത്ഥാനം കേരളത്തെ ഒരു പുരോഗമന സമൂഹമാക്കി മാറ്റി. നവോത്ഥാനത്തിന്റെ പുതിയകാല രൂപങ്ങളിൽ ഒന്നായി ഡിജിറ്റൽ സാക്ഷരതയെ കാണാം. ഡിജിറ്റൽ ലോകത്തിലേക്കുള്ള പ്രവേശനം സമൂഹത്തെ ആധുനികവൽക്കരിക്കുകയും അവബോധപരമായി ഉയർത്തുകയും ചെയ്യുന്നു. സ്ത്രീകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും സമാന അവസരങ്ങൾ ലഭിക്കുന്നതും യുവാക്കൾ ആഗോള തലത്തിൽ മത്സരിക്കാൻ കഴിവ് നേടുന്നതും, അവർക്കൊപ്പം, മുതിർന്നവർക്കും ജീവിത നിലവാരം മെച്ചപ്പെടുത്താൻ വഴിയൊരുക്കുന്നതും നവോത്ഥാന മുന്നേറ്റങ്ങളുടെ തുടർച്ചതന്നെ. നവോത്ഥാനം മനുഷ്യന്റെ മഹത്വം ഉയർത്തിപ്പിടിച്ച മഹാപ്രസ്ഥാനം ആയിരുന്നുവെങ്കിൽ, ഡിജിറ്റൽ സാക്ഷരത മനുഷ്യന്റെ അറിവും സാധ്യതകളും

വിപുലീകരിക്കുന്ന പുതിയ നവോത്ഥാന ശക്തിയാണ്. കേരളത്തിന്റെ സമൂഹജീവിതത്തിൽ പ്രബലമായ ജനാധിപത്യ പങ്കാളിത്തം, വിമർശനബോധം, അറിവിനോടുള്ള ആദരവ് തുടങ്ങിയവ കൂടുതൽ വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും ഡിജിറ്റൽ തുടർ സാക്ഷരതയിലൂടെ സാധിക്കും. സാമൂഹികമാധ്യമങ്ങൾ മുതൽ ഓൺലൈൻ പഠനവും ഇ-ഗവണൻസും വരെ ഓരോ മേഖലയും നവോത്ഥാനത്തിന്റെ തുടർച്ചയ്ക്കുള്ള ഉപാധികളായി മാറും. അറിവിന്റെയും ഉൾക്കൊള്ളലിന്റെയും, സാമൂഹിക നീതിയുടെയും, പുരോഗതിയുടെയും വഴിയിൽ കേരളത്തെ മുന്നോട്ടു നയിക്കാൻ ഇതിന് കഴിയും.

ഇന്ത്യയിൽ ഡിജിറ്റൽ സാക്ഷരതയ്ക്കും ഡിജിറ്റൽ ശാക്തീകരണത്തിനുമായി നിരവധി ദേശീയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2015-ൽ ആരംഭിച്ച ഡിജിറ്റൽ ഇന്ത്യ (Digital India) പദ്ധതി രാജ്യത്തെ ഒരു ഡിജിറ്റൽ സമൂഹവും വിജ്ഞാന സമ്പദ് വ്യവസ്ഥയും ആക്കുകയെന്ന ലക്ഷ്യം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി, നാഷണൽ ഡിജിറ്റൽ ലിറ്ററസി മിഷൻ (NDLM) അഥവാ DISHA പദ്ധതി ആരംഭിച്ചു. പിന്നീട്, ഗ്രാമപ്രദേശങ്ങളെ കേന്ദ്രീകരിച്ച് പ്രധാന മന്ത്രി ഗ്രാമീണ ഡിജിറ്റൽ സാക്ഷരത അഭിയാൻ (PMGDISHA) നടപ്പിലാക്കി. ഓരോ ഗ്രാമീണ കുടുംബത്തിലും കുറഞ്ഞത് ഒരാൾക്ക് അടിസ്ഥാന ഡിജിറ്റൽ അറിവ് ലഭ്യമാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്. സ്ത്രീകൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന ഇന്റർനെറ്റ് സാഥി (Internet Saathi) പദ്ധതി, ഗൂഗിൾ ഇന്ത്യയും ടാറ്റാ ട്രസ്റ്റും ചേർന്നാണ് ആരംഭിച്ചത്. സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് ഡിജിറ്റൽ രീതിയിൽ എത്തിക്കുന്നതിന് നാഷണൽ ഇ-ഗവണൻസ് പ്ലാൻ (NeGP) ആരംഭിച്ചു. കോമൺ സർവീസ് സെന്ററുകൾ, ഇ-ഡിസ്ട്രിക്ട്, ഇ-പഞ്ചായത്ത്, ഡിജി-ലോക്കർ, ആധാർ തുടങ്ങിയവയും സാധ്യമാക്കി. സർക്കാർ സേവനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മാറ്റാനാണ് ഈ പദ്ധതികളിലൂടെ ശ്രമിക്കുന്നത്.

രാജ്യത്തെ പല സംസ്ഥാനങ്ങളിലും ഗ്രാമീണ മേഖലകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വൈദ്യുതി എന്നിവ സ്ഥിരമായി ലഭ്യമല്ലാതിരുന്നത് ഈ ദേശീയ കാമ്പയിനുകൾ ശ്രമകരമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി മാറിയ കേരളത്തിന്റെ നേട്ടം സമാനതകൾ ഇല്ലാത്തതാണ്. ഔദ്യോഗിക പ്രഖ്യാപന വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ 105 വയസ്സുള്ള അബ്ദുള്ള മൗലവിയുമായി വീഡിയോ കോളിൽ സംസാരിച്ചതും 75 പിന്നിട്ട ശാരദാ കാണിക്കും

> അജ്ഞതയും അന്ധവിശ്വാസവും ഇല്ലാതാക്കി, വിദ്യാഭ്യാസം, സാമൂഹികനീതി, ജാതിനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം എന്നിവ മുൻനിർത്തിയ നവോത്ഥാനം കേരളത്തെ ഒരു പുരോഗമന സമൂഹമാക്കി മാറ്റി.





വിശാലാക്ഷിക്കുമൊപ്പം സെൽഫി എടുത്തതും ഡിജി കേരളം പദ്ധതിയുടെ സവിശേഷതകൾ പ്രതീകാത്മകമായി വെളിപ്പെടുത്തി. 2.57 ലക്ഷം വളന്റിയർമാർ പങ്കെടുത്ത, 83 ലക്ഷം വീടുകളെ ഉൾപ്പെടുത്തി നടത്തിയ ഡിജി കേരളം സർവ്വേയും സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വരെ നടന്ന പരിശീലന പരിപാടികളും രാജ്യത്ത് വേറിട്ടതാണ്. ഇത്രകണ്ട് വ്യാപ്തിയുള്ള മറ്റൊരു ഡിജിറ്റൽ സാക്ഷരതാ കാംപെയിൻ രാജ്യത്ത് നടന്നിട്ടില്ല. ഡിജിറ്റൽ സാക്ഷരത ഇല്ലാത്തതായി കണ്ടെത്തിയവർക്ക് സ്മാർട്ട്ഫോൺ, സോഷ്യൽ മീഡിയ, ഓൺലൈൻ ഇടപാടുകൾ, യൂട്ടിലിറ്റി ബിൽ പണമടയ്ക്കൽ, ഡിജിറ്റൽ തട്ടിപ്പുകളിൽ നിന്ന് രക്ഷപ്പെടാനുള്ള ബോധവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ വ്യാപകമായ പരിശീലനം നൽകി. മൊബൈൽ ആപ്പിലൂടെ നടത്തിയ പരീക്ഷകളും "സൂപ്പർ-ചെക്കുകളും" വിജയകരമായി പൂർത്തിയാക്കിയതിന് ശേഷമാണ് ഫലങ്ങൾ സ്ഥിരീകരിച്ചത്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, സാക്ഷരതാ മിഷൻ പ്രവർത്തകർ, പഞ്ചായത്തുകളിലെ സാങ്കേതിക സഹായികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ ഈ കാമ്പയിനിൽ അണിനിരന്നു. ഇടമലക്കുടി, അട്ടപ്പാടി, പറമ്പിക്കുളം പോലുള്ള ആദിവാസി മേഖലകളിൽ സാമൂഹിക സംഘടനകളുടെ പിന്തുണയോടെ പ്രാദേശിക ഭാഷകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. വികേന്ദ്രീകൃത ആസൂത്രണമാണ് ഡിജി കാമ്പയിൻ പ്രവർത്തനങ്ങളുടെ ഫലപ്രദമായ സംഘാടനവും എകോപനവും സാധ്യമാക്കിയത്.

സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പ്രഖ്യാപനത്തിലൂടെ ഈ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയല്ല, പുതിയൊരു ഘട്ടത്തിന് തുടക്കം കുറിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തിരിക്കുന്നത്. അടുത്ത ഘട്ടത്തിൽ നിർമ്മിത ബുദ്ധി (AI), ഡാറ്റാ സയൻസ്, ബ്ലോക്ക്ചെയിൻ, റോബോട്ടിക്സ്, IoT തുടങ്ങിയ മേഖലകളിലേക്ക് ശ്രദ്ധ മാറുന്നതോടെ ഡിജിറ്റൽ സാക്ഷരതാ പ്രഖ്യാപനത്തിലൂടെ കേരളം കാഴ്ചവച്ച മാതൃക കൂടുതൽ ശക്തിപ്പെടും.

Reference:


1) Bridging Digital Divides, Achieving Global Digital Compact Will Require Greater Cooperation, Financing, Technology Access, Speakers Tell Second Committee" - United Nations Press Release, GA/EF/3587 (2023).
2) On the Digital Divide - Article by the UN Secretary-General, 2002.
3) Homo Deus: A Brief History of Tomorrow (2015), Lessons for the 21st Century (2018) -Yuval Noah Harari
4) Brief Answers to the Big Questions (2018) - Stephen Hawking
5) National Digital Literacy Mission (NDLM / DISHA) - Scheme Document - Ministry of Electronics and Information Technology (MeitY), Government of India.

# മലയാളം പറയുന്ന ഓണപ്പൂക്കൾ



ഓണപ്പൂക്കളമാണല്ലോ ഓണാഘോഷത്തിന്റെ ഏറ്റവും വർണ്ണാഭമായ അടയാളം. തമിഴ്നാട്ടിലെ ഗുണ്ടൽപേട്ട്, തോവൈ, തിരുച്ചി, സുന്ദരപാണ്ഡ്യപുരം, ദിന്ദിഗൽ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് ഓണക്കാലത്തേക്ക് ആവശ്യമുള്ള പൂക്കളിൽ സിംഹഭാഗവും കേരളത്തിൽ എത്തുന്നത്. വീട്ടു പറമ്പിൽ നിന്ന് തുമ്പ, ചെമ്പരത്തി, കോളാമ്പി, തെച്ചി തുടങ്ങിയ നാട്ടുപൂക്കൾ നുള്ളിയെടുത്ത് പൂക്കളം ഒരുക്കിയിരുന്ന കാലം ഇന്ന് ഓർമ്മയാണ്.

ഓണക്കാലത്ത് മാത്രം ഏകദേശം 400 ടൺ പൂക്കളാണ് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നത്. ഇതിൽ സിംഹഭാഗവും പുറത്തുനിന്നാണ് എത്തുന്നത്. ഇതിന് മാറ്റം വരുത്താനുള്ള ശ്രമത്തിലാണ് സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. അഞ്ചു വർഷത്തിനകം പൂകൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ൽ ആരംഭിച്ച പൂവിളി പദ്ധതി പുഷ്പകൃഷിയിലെ സ്വയംപര്യാപ്തതയിലേക്കുള്ള സംസ്ഥാനത്തിന്റെ

**അഞ്ചു വർഷത്തിനകം പൂകൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ൽ ആരംഭിച്ച പൂവിളി പദ്ധതി പുഷ്പകൃഷിയിലെ സ്വയംപ ര്യാപ്തതയിലേക്കുള്ള സംസ്ഥാനത്തിന്റെ കുതിപ്പിലെ പ്രധാന ഉപാഖ്യാനമാവുകയാണ്.**



**കഴിഞ്ഞ വർഷം 3,000 വനിതാ കർഷകസംഘങ്ങളാണ് പൂകൃഷിയിൽ ഏർപ്പെട്ടിരുന്നത്. ഇത്തവണ അത് 4,531 ആയി. 1,253 ഏക്കറിൽ നിന്നിരുന്ന പുഷ്പകൃഷി 1,820.52 ഏക്കറായി വികസിച്ചു.**

കുതിപ്പിലെ പ്രധാന ഉപാഖ്യാനമാവുകയാണ്. കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവ മുഖേന ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

പുഷ്പകൃഷിയിൽ പങ്കാളിത്തവും വിസ്തൃതിയും കഴിഞ്ഞ വർഷത്തേക്കാൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 3,000 വനിതാ കർഷകസംഘങ്ങളാണ് പൂകൃഷിയിൽ ഏർപ്പെട്ടിരുന്നത്. ഇത്തവണ അത് 4,531 ആയി. 1,253 ഏക്കറിൽ നിന്നിരുന്ന പുഷ്പകൃഷി 1,820.52 ഏക്കറായി വികസിച്ചു. നിറപൊലിമ പദ്ധതിയുടെ ഭാഗമായി ജമന്തി, ചെണ്ടുമല്ലി, മുല്ലപ്പൂ, താമര, തുടങ്ങിയ വിവിധയിനം പൂക്കൾ വിപണിയിലെത്തുന്നു. പഞ്ചായത്തുകളിലെ കൃഷിപ്പാടങ്ങളിൽ ഓണപ്പൂക്കൾ വിളഞ്ഞു കഴിഞ്ഞു. 220 ഏക്കറിൽ പൂകൃഷിയുമായി തിരുവനന്തപുരമാണ് ജില്ലകളിൽ ഒന്നാം സ്ഥാനത്ത്. കോട്ടയം (208.72 ഏക്കർ) , കണ്ണൂർ (202.5 ഏക്കർ), മലപ്പുറം (189.85 ഏക്കർ) ജില്ലകൾ ഒപ്പത്തിനൊപ്പമുണ്ട്. ഓഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 4 വരെ സംഘടിപ്പിക്കുന്ന കുടുംബശ്രീ മാർക്കറ്റിംഗ് മേളകൾ ഏകദേശം 30 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

പഞ്ചായത്തുകളും, കുടുംബശ്രീ യൂണിറ്റുകളും, കർഷകരും ഈ പദ്ധതി ആത്മാർഥമായി ഏറ്റെടുത്തു. തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിൽ 48 ഹെക്ടർ സ്ഥലത്താണ് പൂകൃഷി നടക്കുന്നത്. വിവിധ ബ്ലോക്കുകളിലായി ചിറയിൻകീഴ്, വിളപ്പിൽ, മാറനല്ലൂർ, ചെറുന്നിയൂർ, കല്ലിയൂർ, ഇലകമൺ, നെല്ലനാട്, പെരിങ്ങമല, മാണിക്കൽ പ്രദേശങ്ങളിൽ നൂറു കണക്കിന് കർഷകരാണ് പൂകൃഷിയിൽ എർപ്പെട്ടിരിക്കുന്നത്. എറണാകുളത്തെ ചെറാനല്ലൂർ, എടപ്പള്ളി പഞ്ചായത്തുകളും പൂക്കൃഷിയിൽ മുൻപന്തിയിലുണ്ട്. ചില സ്ഥലങ്ങളിൽ MGNREGS-നും PMKSY-ക്കും കീഴിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ചും പൂക്കൃഷി നടപ്പാക്കുന്നു. പഞ്ചായത്തുകളും നഗരസഭകളും ചേർന്ന് മാരിഗോൾഡ്, ചെണ്ടുമല്ലി, അരളി തുടങ്ങിയ പൂക്കളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. ഓണാഘോഷങ്ങൾ അവസാന ദിവസങ്ങളിലേക്ക് നീങ്ങുമ്പോൾ, കുടുംബശ്രീ കർഷകസംഘങ്ങൾ ഈ പൂക്കളുടെ വിതരണം ഉറപ്പാക്കും. ഓണക്കാലത്ത് പൂക്കളുടെ വില തന്നെ പൂക്കൃഷിയെ ആകർഷകമാക്കുന്നു. സാധാരണ 60 രൂപയ്ക്കടുത്ത് വിലയുള്ള 1 കിലോ കനകാംപൂവിന് ഓണക്കാലത്ത് 200 മുതൽ 250 രൂപവരെ വില ലഭിക്കും. മെയ് മാസത്തിൽ 150 രൂപയായിരുന്ന മുല്ലപ്പൂവിന് ഓണക്കാലത്ത് 1,000-1,300 രൂപവരെ വില ഉയരും.

പൂക്കൾക്കൊപ്പം തന്നെ പച്ചക്കറികളിലും സ്വയംപര്യാപ്തത ഉറപ്പാക്കാനാണ് സർക്കാരിന്റെ ശ്രമം. 'ഒരു മുറം പച്ചക്കറി' പദ്ധതി വീടുകൾ, സ്കൂളുകൾ, ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ വരെ വ്യാപിപ്പിച്ചു. ഓണക്കണി പദ്ധതിയിലൂടെ കുടുംബശ്രീ വനിതകൾ പച്ചക്കറികൾ, പഴങ്ങൾ, ഉത്സവോപയോഗ സാധനങ്ങൾ എന്നിവയും വിപണിയിലെത്തിക്കും. ഈ വർഷം 13,879 കർഷകസംഘങ്ങൾ 8,913.13 ഏക്കറിൽ കൃഷി നടത്തി. ഓണം വിപണികളിൽ വാഴയ്ക്കാചിപ്സ്, അച്ചാർ, മസാലപ്പൊടികൾ, വെളിച്ചെണ്ണ തുടങ്ങിയ കുടുംബശ്രീ ഉൽപ്പന്നങ്ങളും ലഭ്യമാണ്.

20-ലധികം വിഭവങ്ങളും രണ്ടുതരം പായസവും ഉൾപ്പെടുന്ന ഓണസദ്യയും കുടുംബശ്രീ സംരംഭകർ തയ്യാറാക്കി നൽകുന്നു. സ്വകാര്യ സ്ഥാപനങ്ങൾ, സ്കൂളുകൾ, ബാങ്കുകൾ, മാധ്യമ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്ന് ബുക്കിംഗ് സ്വീകരിക്കുന്നുണ്ട്. കുടുംബശ്രീയുടെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ പോക്കറ്റ് മാർട്ട് വഴി ഓണസമ്മാന ഹാംപറുകളും ലഭ്യമാണ്.



# ഇടുക്കി – ഉന്നതികളുടെ മുഖച്ഛായ മാറുന്നു.

**ഓരോ ഉന്നതിക്കും ഒരു കോടി രൂപ വരെ വകയിരുത്തി 25 ഉന്നതികളിലാണ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഇടുക്കി ജില്ലയിലെ 11 ഉന്നതികൾ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഓരോ ഉന്നതിക്കും ഒരു കോടി രൂപ വരെ വകയിരുത്തി 25 ഉന്നതികളിലാണ് വികസന പ്രവൃത്തികൾ നടപ്പാക്കുന്നത്.

ജനവാസ കേന്ദ്രത്തിനുള്ളിലെ റോഡ്, നടപ്പാത, ഡ്രെയിനേജ് സൗകര്യങ്ങൾ, പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ, ഖര, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള വിതരണം, സോളാർ ലൈറ്റുകൾ/മിനി മാസ്റ്റ് ലൈറ്റുകൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, വീടുകളുടെ നവീകരണം, കമ്മ്യൂണിറ്റി സെന്ററുകളുടെയും കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങളുടെയും നിർമ്മാണം/പരിപാലനം എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തികളാണ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തത്. മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം, നവീകരണം, ദുഷ്കരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം, കുടിൽ വ്യവസായങ്ങൾ, സാംസ്കാരിക കേന്ദ്രത്തിന്റെയും ലൈബ്രറിയുടെയും നിർമ്മാണവും സജ്ജീകരണവും തുടങ്ങിയവും വിവിധ വിദ്യാഭ്യാസ പദ്ധതികളും നടപ്പിലാക്കുന്നു.

2016 മുതൽ 2025 വരെ 16,53,81,878 രൂപയ്ക്കുള്ള പ്രവർത്തികളാണ് ജില്ലയിൽ ഏറ്റെടുത്തത്. ഇതിൽ 10 കോടിയിലധികം ഇതിനകം ചെലവഴിച്ചു. ഇടുക്കി നിയോജക മണ്ഡലത്തിൽ ആറും ദേവികുളം മണ്ഡലത്തിൽ അഞ്ചും ഉന്നതികളിലാണ് പ്രവർത്തികൾ ആരംഭിച്ചത്. ഇടുക്കി മണ്ഡലത്തിലെ ഉറുമ്പുള്ളി, ഗാന്ധിനഗർ, കടമാക്കുഴി, കവുന്തി ഉന്നതികളിൽ പൂർത്തീകരിച്ചു. അമ്പത്താറ് ഉന്നതിയിൽ പണികൾ പൂർത്തീകരണ ഘട്ടത്തിലാണ്. കട്ടപ്പന ബ്ലോക്കിൽ ഉൾപ്പെട്ട കവുന്തി ഉന്നതിയിൽ ആർസിസി വാട്ടർ ടാങ്കുകളും പമ്പ് ഹൗസും നിർമ്മാണം, ജലവിതരണ സംവിധാനം സ്ഥാപിക്കൽ, വഴവര-കൗന്തി റോഡ് വീതി കൂട്ടൽ, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവർത്തികളാണ് ഏറ്റെടുത്തത്. ഉന്നതിയിലെ 30-ലധികം കുടുംബങ്ങൾ ഗുരുതരമായ കുടിവെള്ള ക്ഷാമം നേരിട്ടിരുന്നു. സ്ഥിരമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി മന്ത്രി റോഷി അഗസ്റ്റിന്റെ നിർദ്ദേശപ്രകാരമാണ് കവുന്തി ഉന്നതിയെ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതി പൂർത്തിയാകുന്നതോടെ ഇവിടുത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാവുകയാണ്.





ഗാന്ധിനഗർ ഉന്നതിയിൽ കമ്മ്യൂണിറ്റി ഹാൾ കെട്ടിടം, സംരക്ഷണഭിത്തി, കലുങ്ക് മുതലായ പ്രവൃത്തികളാണ് ഏറ്റെടുത്തത്. 40 ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ഇവിടെ ആളുകൾക്ക് ഒത്തു കൂടുന്നതിനും കലാ, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇടം ഒരുങ്ങിയിരിക്കുന്നു. പ്രളയക്കെടുതിയിൽ ഉപയോഗശൂന്യമായ റോഡും സഞ്ചാരയോഗ്യമായി.

ദേവികുളം മണ്ഡലത്തിൽ കടുക്കാസിറ്റിയിലെ പണികൾ പൂർത്തീകരിച്ചു. പീരുമേട് മണ്ഡലത്തിൽ മൂങ്കിലാർ, ലാഡ്രം പത്മാപുരം, കച്ചേരിക്കുന്ന് എന്നിവിടങ്ങളിലും പ്രവർത്തികൾ പൂർത്തീകരിച്ചു. പശുമല, ആനപ്പള്ളം ഉന്നതികളിൽ പ്രവർത്തി പുരോഗമിക്കുന്നു. ഉടുമ്പഞ്ചോല മണ്ഡലത്തിൽ പുതുകിൽ, വട്ടപ്പാറ എന്നിവിടങ്ങളിലാണ് പ്രോജക്റ്റുകൾ പൂർത്തിയായത്. അമ്പതേക്കർ, പ്രതാപ്മേട്, ചാനൽമേട് എന്നീ ഉന്നതികളിൽ പ്രവർത്തി പൂർത്തീകരണ ഘട്ടത്തിലാണ്.







5,33,77,756 രൂപയ്ക്കുള്ള പ്രവർത്തികളാണ് ഇടുക്കി നിയോജക മണ്ഡലത്തിലെ വിവിധ ഉന്നതികളിൽ ഏറ്റെടുത്തത്. ഇതിൽ 3.12 കോടി ഗുണഭോക്താക്കൾക്കും കരാറുകാർക്കും ഇതിനകം കൈമാറി. ദേവികുളം നിയോജക മണ്ഡലത്തിൽ 2 കോടി രൂപയ്ക്കുള്ള പ്രവർത്തികൾ ഏറ്റെടുത്തതിൽ കടുക്കാസിറ്റിയിൽ പ്രവർത്തി പൂർത്തീകരിച്ചു. ആനക്കാൽപെട്ടി, പഴത്തോട്ടം, കുറ്റിയാർവാലി ഉന്നതികളിൽ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പീരുമേട് നിയോജക മണ്ഡലത്തിൽ 4,94,99,518 രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചതിൽ 2.79 കോടിയിലധികം ചെലവഴിച്ചു. പീരുമേട് നിയോജക മണ്ഡലത്തിൽ 4,25,04,604 രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്തതിൽ 5 ശതമാനത്തിൽ താഴെ പ്രവർത്തികൾ മാത്രമാണ് പൂർത്തിയാകാൻ ബാക്കിയുള്ളത്. 3,19,01,847 രൂപ ഗുണഭോക്താക്കൾക്കും കരാർകാർക്കും ഇതിനകം നൽകി.

സംസ്ഥാനത്തെ പട്ടികജാതി ഉന്നതികൾ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലേക്ക് മുന്നേറുന്നതിന്റെ നേർ ചിത്രമാണ് ഇടുക്കി ജില്ലയിലെ ഉന്നതികളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നൽകുന്നത്. (വിവരങ്ങൾക്ക് കടപ്പാട് : ഇടുക്കി ജില്ല പട്ടികജാതി വികസന ഓഫീസ് )

# അര ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഉപജീവനം ഉറപ്പാക്കി






കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാമിൽ (SVEP) 40,187 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ ഗ്രാമീണ മേഖലയിലെ 50000-ലധികം സ്ത്രീകൾക്ക് ഇതിനകം തൊഴിലും വരുമാനവും ലഭിച്ചു. ഓരോ പ്രദേശത്തും അനുയോജ്യമായ മേഖലകൾ കണ്ടെത്തി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതാണ് പദ്ധതി. പ്രാദേശിക വിഭവ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തുന്നു.

ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന മിഷനു (DAY-NRLM)മായി സഹകരിച്ചാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. നാല് വർഷത്തിനുള്ളിൽ 26,032 സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിട്ട് 2017 ൽ പദ്ധതി ആരംഭിച്ചു. എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്കിലും പത്തനം തിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലുമാണ് ആദ്യം അനുവദിച്ചത്. തുടർന്ന് പതിനാല് ജില്ലകളിലായി തിരഞ്ഞെടുത്ത പതിനാല് ബ്ലോക്കുകളിലേക്ക് വ്യാപിപ്പിച്ചു. തുടക്കത്തിൽ മികച്ച പ്രവർത്തനം നടത്തിയ ഇടുക്കി റാങ്കിങ്ങിൽ ഒന്നാമതെത്തിയിരുന്നു. മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, കോട്ടയം ജില്ലയിലെ വൈക്കം, കാസർകോട് ജില്ലയിലെ നീലേശ്വരം, എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് എന്നിവ തൊട്ടടുത്ത നാല് സ്ഥാനങ്ങൾ നേടി. സംരംഭങ്ങൾ ആരംഭിക്കുന്നതിലെ പുരോഗതി, ആരംഭിച്ച സംരംഭങ്ങൾക്ക് നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കൽ, ദുർബല വിഭാഗങ്ങൾക്ക് പങ്കാളിത്തം ഉറപ്പുവരുത്തൽ വിവരങ്ങൾ എംഐഎസ് സംവിധാനത്തിൽ കാലികമാക്കുന്നതിലെ കൃത്യത മുതലായ ഘടകങ്ങൾ റാങ്കിങ്ങിൽ പരിഗണിച്ചു. രണ്ട് വർഷത്തിനിടയിൽ 11,211 സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു.

സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി നിരക്കിലുള്ള പലിശയ്ക്ക് ലോൺ ലഭ്യമാക്കുന്നത് പദ്ധതിയുടെ നിരവധി ഘടകങ്ങളിൽ ഒന്നു മാത്രമാണ്. വ്യക്തികൾക്ക് 50000- 100000 രൂപയും ഗ്രൂപ്പുകൾക്ക്



സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാമിൽ (SVEP) 40,187 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ ഗ്രാമീണ മേഖലയിലെ 50000-ലധികം സ്ത്രീകൾക്ക് ഇതിനകം തൊഴിലും വരുമാനവും ലഭിച്ചു.

100000- 500000 രൂപയും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്നു. ഗ്രാമീണ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവനോപാധികൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തിരഞ്ഞെടുത്ത 43 ബ്ലോക്കുകളിൽ 33 ലും ശ്രദ്ധേയ പുരോഗതി കൈവരിച്ചു. 28,075 സംരംഭങ്ങൾക്കായി കമ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടിൽ നിന്ന് 117.93 കോടി രൂപയുടെ വായ്പാ സഹായവും നൽകി. അയൽക്കൂട്ട അംഗങ്ങളായ സംരംഭകർക്കാണ് സഹായം അനുവദിച്ചത്.

എസ്.വി.ഇ.പി നടപ്പിലാക്കുന്ന ബ്ലോക്കുകളിൽ സി.ഡി.എസ് ചെയർപേഴ്സൺമാരും സൂക്ഷ്മ സംരംഭക സബ് കമ്മിറ്റി കൺവീനർമാരും ഉൾപ്പെട്ട ബി.എൻ.എസ്.ഇ.പി.കൾ (Block Nodal Society for Enterprise Promotion) പ്രവർത്തിക്കുന്നു. കുടുംബശ്രീ തിരഞ്ഞെടുത്ത സൂക്ഷ്മ സംരംഭകത്വ കൺസൾട്ടന്റുമാരുടെ സേവനവും ലഭ്യമാക്കി. അപേക്ഷകൾ പരിശോധിക്കുന്നതും സംരംഭകർക്ക് പരിശീലനവും പിന്തുണയും ലഭ്യമാക്കുന്നതും ഇവരാണ്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കഴിവുകൾ ആർജിക്കൽ, ബാങ്ക് ലോണുകൾ സംഘടിപ്പിക്കൽ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കൽ, ബ്രാന്റിങ്ങ്, വിവിധ സർക്കാർ വകുപ്പുകളും സർക്കാർ സ്കീമുകളുമായി ബന്ധം സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സംരംഭകർക്ക് സഹായവും മാർഗനിർദ്ദേശങ്ങളും ലഭിക്കും. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ(BRC) ആരംഭിച്ചിട്ടുണ്ട്.

ദേശീയ നഗര ഉപജീവന മിഷനുമായി (NULM) സഹകരിച്ച് സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം (SEP) എന്ന പേരിൽ നഗരങ്ങളിലും സമാനപദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി, തെരുവു കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകി സർക്കാർ പദ്ധതിയുടെ ഭാഗമാക്കി മാറ്റിയും അവർക്ക് നിയമ, ഭരണ സംവിധാനങ്ങളുടെ പരിരക്ഷ ഉറപ്പാക്കിയും എസ്. വി. ഇ.പി. തുടക്കത്തിൽത്തന്നെ ശ്രദ്ധ നേടിയിരുന്നു.

ഷിജു ഏലിയാസ്

# തിരുവനന്തപുരം

# ഹരിത നഗരത്തിന്റെ വികസനവഴികൾ



കാലാവസ്ഥാ മാറ്റത്തിന് എതിരായ ആഗോള കർമ്മപദ്ധതി രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിലൂടെയാണ് രൂപപ്പെടുന്നത്. ദേശീയ കർമ്മ പദ്ധതിയുടെ സ്വഭാവം നിശ്ചയിക്കുന്നത് സംസ്ഥാനങ്ങളുടെ പങ്കാളിത്തമാണ്. സംസ്ഥാന പദ്ധതിയാവട്ടെ, പ്രാദേശിക ഭരണ യൂണിറ്റുകളുടെ സഹകരണത്തെയും അവർ നടത്തുന്ന മുൻകൈ പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ലോകത്തിന്റെ ഏറ്റവും പുതിയ പാരിസ്ഥിതിക അനുഭവങ്ങൾ ഉൾക്കൊള്ളുന്ന തിരുവനന്തപുരം നഗരത്തിന്റെ ഹരിത വികസന സമീപനം പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനമെന്ന നവകേരള കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതാണ്.

1992-ലെ റിയോ ഡി ജനീറോ ഭൗമ ഉച്ചകോടിയാണ് കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ പ്രവർത്തനങ്ങൾക്കുള്ള യുഎൻ രൂപരേഖ അംഗീകരിച്ചത്. ഒരൊറ്റ രാജ്യത്തിനോ ഒരു കൂട്ടം രാജ്യങ്ങൾക്കോ മാത്രമായി പരിഹാരം കാണാൻ കഴിയാത്ത വിധം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഘടകങ്ങൾ സങ്കീർണ്ണ സ്വഭാവമുള്ളതാണെന്ന് UNFCCC വിലയിരുത്തി. ലോകരാജ്യങ്ങളുടെ കൂട്ടായ ശ്രമങ്ങൾ ഇതിന് ആവശ്യമാണ്. ആഗോള താപനത്തിന് ഇടയാക്കുന്ന കാർബൺ എമിഷൻ കുറയ്ക്കുന്നതിന് വികസിത രാജ്യങ്ങൾ മുൻകൈയെടുക്കണമെന്ന് 1997ലെ ക്യോട്ടോ പ്രോട്ടോക്കോൾ നിർദ്ദേശിച്ചു. എന്നാൽ, കാർബൺതുലിത ഭാവിയുടെ പ്രാധാന്യം ഉൾക്കൊണ്ട് വികസന നയങ്ങളിൽ മാറ്റം വരുത്താൻ ലോകരാജ്യങ്ങൾ, വിശേഷിച്ച് സമ്പന്ന വികസിത രാജ്യങ്ങൾ, പൊതുവിൽ മടി കാണിച്ചു. 2015ലെ പാരീസ് ഉടമ്പടിയാണ് ഈ ദിശയിൽ കാര്യമായ മാറ്റമുണ്ടാക്കിയത്. ഈ ആഗോള ധാരണയുടെ ഭാഗമായി ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും കാലാവസ്ഥാ പ്രവർത്തന പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു. അഞ്ച് വർഷത്തിലൊരിക്കൽ പുതുക്കിയ



ലോകത്തിന്റെ ഏറ്റവും പുതിയ പാരിസ്ഥിതിക അനുഭവങ്ങൾ ഉൾക്കൊള്ളുന്ന തിരുവനന്തപുരം നഗരത്തിന്റെ ഹരിത വികസന കാഴ്ചപ്പാട് പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനമെന്ന നവകേരള കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതാണ്.

പ്രവർത്തന ലക്ഷ്യങ്ങൾ ചർച്ച ചെയ്യാനും പുരോഗതി വിലയിരുത്താനും ഉടമ്പടി വ്യവസ്ഥപ്പെടുത്തി.

2008ലാണ് ഇന്ത്യ കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ ദേശീയ കർമ്മപദ്ധതി (National Action Plan on Climate Change) അംഗീകരിച്ചത്. സൗരോർജ്ജ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക, വ്യാവസായിക, നിർമ്മാണ പ്രവർത്തനങ്ങളിലെ ഊർജ്ജക്ഷമത മെച്ചപ്പെടുത്തുക, സുസ്ഥിര നഗര-ഗ്രാമാസൂത്രണം സാധ്യമാക്കുക, ശാസ്ത്രീയമായ ജലവിഭവ പരിപാലനം ഉറപ്പാക്കുക, ഹിമാലയൻ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുക, ഭൂപ്രദേശങ്ങളുടെ ഹരിതാവരണം മെച്ചപ്പെടുത്തുക, കൃഷിയിൽ സുസ്ഥിര മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക, കാലാവസ്ഥാ മാറ്റം സംബന്ധിച്ച ശാസ്ത്രീയ അറിവുകൾ പ്രചരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഏറ്റെടുത്തു. സംസ്ഥാനങ്ങൾ സ്വന്തം കാലാവസ്ഥാ പ്രവർത്തന പദ്ധതി തയ്യാറാക്കണമെന്ന് ദേശീയ പദ്ധതി നിർദ്ദേശിച്ചു.

2014 ൽ ആണ് കേരളം ആദ്യമായി കാലാവസ്ഥാ കർമ്മപദ്ധതിക്ക് (State Action Plan on Climate Change) രൂപം നൽകിയത്. പുതുക്കിയ പദ്ധതി (SAPCC 2.0) 2023 ൽ അംഗീകരിച്ചു. വെള്ളപ്പൊക്കങ്ങൾ, ചുഴലിക്കാറ്റുകൾ, മണ്ണിടിച്ചിലുകൾ, വരൾച്ച, തീരദേശ സമുദ്രനിരപ്പ് ഉയരൽ എന്നിങ്ങനെ കാലാസ്ഥാ വ്യതിയാനത്തിന്റെ വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഈ പദ്ധതി കണക്കിലെടുക്കുന്നു. പ്രായോഗിക പ്രവർത്തനങ്ങളുടെ ഒരു ശാസ്ത്രീയ രൂപരേഖയും ഇതിന്റെ ഭാഗമാണ്. കാലാവസ്ഥാ ദുരന്തങ്ങൾ നേരിടാൻ സംസ്ഥാനത്തെ സജ്ജമാക്കണം. സുസ്ഥിര ഊർജ്ജ സ്രോതസുകൾ, സുസ്ഥിര വിഭവ വിനിയോഗം, കാലാവസ്ഥാ സൗഹൃദ വികസനം എന്നിവയുടെ അടിസ്ഥാനത്തിൽ വനസമ്പത്തിന്റെ സംരക്ഷണം, ജലലഭ്യത ഉറപ്പാക്കൽ, സുസ്ഥിര കൃഷി, മത്സ്യബന്ധനം, സുസ്ഥിര ഗതാഗതം, പൊതു

ജനാരോഗ്യം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് സംസ്ഥാന പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം തലത്തിൽ അനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തണമെന്ന് സംസ്ഥാന പദ്ധതി നിർദേശിക്കുന്നു.

പരിസ്ഥിതി ശോഷണം തടയുന്നതിനും മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു സമഗ്ര പരിപാടി രൂപപ്പെടുത്തിയത് കേരളമാണ്. കേന്ദ്ര, സംസ്ഥാന, പ്രാദേശിക പദ്ധതികളെ ഹരിതകേരളം മിഷൻ സമന്വയിപ്പിച്ചു. സുസ്ഥിര, പാരിസ്ഥിതിക കാഴ്ചപ്പാടോടെ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപനം ഉറപ്പുവരുത്തി. 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം,' 'ഇനി ഞാനൊഴുകട്ടെ' തുടങ്ങിയ നിരവധി കാമ്പയിനുകളിലൂടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ പങ്കാളികളാക്കി. കാർബൺ തുലിത കേരളമെന്ന ലക്ഷ്യത്തിലേക്കുള്ള സംസ്ഥാനത്തിന്റെ മുന്നേറ്റത്തിൽ പ്രാദേശിക സർക്കാരുകളുടെ മുൻകൈ പ്രവർത്തനങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. അതിന്റെ മികച്ച ദൃഷ്ടാന്തങ്ങളിൽ ഒന്നാണ് തിരുവനന്തപുരം കോർപറേഷൻ പ്രാവർത്തികമാക്കുന്ന സുസ്ഥിര വികസന സമീപനം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടുന്നത് പ്രാദേശിക തലത്തിലാണ്. ഇന്ത്യയിലെ ആദ്യ കാർബൺ തുലിത റോഡ്മാപ്പ് തയ്യാറാക്കി മാതൃകയായ വയനാട്ടിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്, 2018 വെള്ളപ്പൊക്കത്തിനു ശേഷം, കിലയുടെ സഹായത്തോടെ പ്രാദേശിക കാലാവസ്ഥാ പ്രവർത്തന പദ്ധതികൾ തയ്യാറാക്കിയ പമ്പാ നദീതടത്തിലെ 200-ലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി കാലാവസ്ഥാ ഘടകങ്ങൾ ഉൾപ്പെടുത്തി ഡാറ്റാ-അധിഷ്ഠിത പദ്ധതി നവീകരണം നടത്തിയ കൊച്ചി നഗരസഭ എന്നിവയുടെ അനുഭവം മാതൃകയായി സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് മുന്നിലുണ്ട്. റീബിൽഡ് കേരള (RKI) ഇനിഷേറ്റീവിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട



കാലാവസ്ഥാ ബഡ്ജറ്റ് തയ്യാറാക്കുന്ന കേരളത്തിലെ ആദ്യ നഗരസഭയായി മാറിയ തിരുവനന്തപുരം സുസ്ഥിര വികസനത്തോടുള്ള പ്രതിബദ്ധത അടിവരയിടുന്ന പ്രവർത്തനങ്ങൾക്ക് ഒരു വിശദ കർമപരിപാടിയുടെ ശാസ്ത്രീയാടിത്തറ ഉറപ്പാക്കിയിരിക്കുന്നു.




ഡിസാസ്റ്റർ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (DCAT) തദ്ദേശ സ്ഥാപനതല കാലാവസ്ഥാ പദ്ധതികളുടെ (Climate Action Plan) രൂപീകരണത്തിൽ പ്രധാന പങ്ക് വഹിച്ചു. ദുരന്തനിവാരണത്തിലും കാലാവസ്ഥാ പ്രവർത്തനങ്ങളിലും നടത്തുന്ന ഇടപെടലുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്താൻ ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നു. സ്വയം വിലയിരുത്തൽ, സഹ സ്ഥാപനങ്ങളുടെ പിയർ റിവ്യൂ, വിദഗ്ധ പരിശോധന എന്നിവ ഇതിന്റെ ഭാഗമാണ്. കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ പ്രവർത്തനങ്ങൾ പ്രത്യേക പദ്ധതിയായി ഏറ്റെടുക്കുകയല്ല, എല്ലാ പദ്ധതികളുടെയും അടിസ്ഥാന സമീപനത്തിന്റെ ഭാഗമാക്കുകയാണ് ചെയ്യുന്നത്.

കാലാവസ്ഥാ ബഡ്ജറ്റ് തയ്യാറാക്കുന്ന കേരളത്തിലെ ആദ്യ നഗരസഭയായി മാറിയ തിരുവനന്തപുരം സുസ്ഥിര വികസനത്തോടുള്ള പ്രതിബദ്ധത അടിവരയിടുന്ന പ്രവർത്തനങ്ങൾക്ക് ഒരു വിശദ കർമപരിപാടിയുടെ ശാസ്ത്രീയാടിത്തറ ഉറപ്പാക്കിയിരിക്കുന്നു. 2025 ഓഗസ്റ്റിൽ സീഡ് ബാൾ കാമ്പയിൻ ഉദ്ഘാടന വേളയിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ഗ്രീൻ ബജറ്റ് 2025 പ്രകാശനം ചെയ്തത്.

വാർഷിക പദ്ധതികളെ കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ പ്രവർത്തനങ്ങളുമായി ഔദ്യോഗികമായി ബന്ധിപ്പിച്ച സംസ്ഥാനത്തെ ആദ്യ നഗരമായി ഇതോടെ തിരുവനന്തപുരം മാറി. കാലാവസ്ഥാ ബജറ്റ് അധിക ഫണ്ടുകൾ വകയിരുത്തിയ പ്രത്യേക പദ്ധതികളുടെ ധനകാര്യ വിശകലനമല്ല; അതൊരു പുതിയ സമീപനമാണ്. ഹരിതഗൃഹ



**യു.എൻ ഹാബിറ്റാറ്റ്, ഷാങ്ഹായി മുൻസിപ്പാലിറ്റി എന്നിവ സംയുക്തമായി നൽകുന്ന സുസ്ഥിര വികസനത്തിനുള്ള യു എൻ ഹാബിറ്റാറ്റ് അവാർഡ് 2024 ഒക്ടോബറിൽ തിരുവനന്തപുരം കോർപറേഷൻ കരസ്ഥമാക്കിയിരുന്നു.**




വാതകങ്ങളുടെ ഉൽപ്പാദനം കുറയ്ക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾക്ക് പദ്ധതിയിൽ ഊന്നൽ ഉറപ്പാക്കുകയാണ് അതിന്റെ ലക്ഷ്യം. പ്രളയം, ഉഷ്ണവാതങ്ങൾ, സമുദ്രനിരപ്പ് ഉയരൽ തുടങ്ങിയവ വർധിച്ചു വരുന്ന ലോക സാഹചര്യമാണ് അതിന്റെ പശ്ചാത്തലം. ഇവ നേരിടാനുള്ള നമ്മുടെ ശേഷി വർധിപ്പിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഇത് ഉറപ്പുവരുത്തുന്നു.

തിരുവനന്തപുരം കോർപറേഷന്റെ 1,928 കോടി രൂപയുടെ വാർഷിക ബജറ്റിലെ വകയിരുത്തലുകൾ കാലാവസ്ഥാ വ്യതിയാനം ചെറുക്കുകയെന്ന അടിസ്ഥാന സമീപനം പാലിച്ചിട്ടുണ്ടെന്ന് ഹരിത ബഡ്ജറ്റ് ഉറപ്പുവരുത്തുന്നു. സുസ്ഥിര വികസനത്തിന്റെ വിവിധ മേഖലകളുമായി ബഡ്ജറ്റ് വിഹിതങ്ങൾ മാപ്പ് ചെയ്ത്, കണക്കുകളുടെ അടിസ്ഥാനത്തിൽ, അത് വികസന പ്രവർത്തനങ്ങളുടെ ദിശാബോധം വ്യക്തമാക്കുന്നു. സുസ്ഥിര ഊർജ്ജോപഭോഗം, മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കൽ, ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം, തീരസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, നഗര ഹരിതവൽക്കരണം എന്നിവ ഇതിൽ പ്രധാനമാണ്. കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ സമീപനം പദ്ധതിയുടെ അടിസ്ഥാന കാഴ്ചപ്പാടാക്കി മാറ്റിയെടുക്കുകയാണ് ഗ്രീൻ ബഡ്ജറ്റ് ചെയ്യുന്നത്. പൊതു ജനങ്ങളുടെ അറിവിനും പരിശോധനയ്ക്കുമായി ഈ വിവരങ്ങൾ ലഭ്യമാക്കാൻ



കഴിയുന്നുവെന്നത് ഇതിന്റെ പ്രധാന നേട്ടമാണ്. ആഗോള കാലാവസ്ഥാ ഉടമ്പടികളുടെ അന്തസ്സത്ത പ്രാദേശിക തല ആസൂത്രണത്തിൽ എങ്ങനെ ഉൾപ്പെടുത്താമെന്ന് ഇത് കാണിച്ചുതരുന്നു.

സുസ്ഥിര വികസനത്തിന് തുടരെ ലോക അംഗീകാരങ്ങൾ നേടിയാണ് തിരുവനന്തപുരം നഗര സഭയുടെ പരിസ്ഥിതി സൗഹൃദ മുൻകൈ പ്രവർത്തനങ്ങൾ ശ്രദ്ധ നേടുന്നത്. ജനകീയ പാരിസ്ഥിതിക ഇടപെടലിന്റെ പുതിയ മാതൃക സൃഷ്ടിച്ച സീഡ് ബാൾ കാംപെയിൻ വേൾഡ് ബുക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. 6000 വിദ്യാർത്ഥികളുടെ പങ്കാളിത്തം ലക്ഷ്യമിട്ട് സംഘടിപ്പിച്ച സീഡ് ബാൾ കാംപെയിനിൽ 7000-ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ആഗസ്ത് 9ന് പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മണ്ണും വളവും വിത്തുകളും ചേർത്ത 4,00,000 സീഡ് ബോളുകൾ തയ്യാറാക്കി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തു. നഗര വന വൽക്കരണവും പാരിസ്ഥിതിക ഉജ്ജീവനവുമാണ് ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്ന ഒരു മാതൃകയെന്ന് സംഗമത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ ഇതിനെ വിശേഷിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മുതൽ മുടക്ക് സംബന്ധിച്ച് ധാരണയിലെത്തുന്നതിൽ COP 29 (ഇരുപത്തി ഒമ്പതാം കോൺഫറൻസ് ഓഫ് പാർട്ടീസ്) പരാജയപ്പെട്ട സാഹചര്യത്തിൽ പ്രാദേശിക തല ഇടപെടലുകളുടെ പ്രാധാന്യം വർധിച്ചത് ചടങ്ങിൽ സംസാരിച്ച മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കോർപറേഷൻ ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ കാമ്പയിൻ. പാരിസ്ഥിതിക ബോധവൽക്കരണത്തിലൂടെ നഗരവനവൽക്കരണ ശ്രമങ്ങൾ ശക്തമാക്കുന്നതിനുള്ള ലളിതവും ശക്തവുമായ മാർഗമായാണ് സീഡ് ബോൾ കാമ്പയിൻ വിഭാവനം ചെയ്യപ്പെട്ടത്.

പാരിസ്ഥിതിക സുസ്ഥിരത നഗരാസൂത്രണത്തിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റാൻ തിരുവനന്തപുരം കോർപറേഷന് കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണം, സുസ്ഥിര ഊർജ്ജോൽപ്പാദനം, കാർബൺ രഹിത ഗതാഗതം, നഗരവീഥികളിൽ ഹരിതാവരണങ്ങൾ സൃഷ്ടിക്കൽ, ബഹുജന പങ്കാളിത്തമുള്ള ഹരിത കാമ്പെയിനുകൾ എന്നിവ രാജ്യത്തെ പാരിസ്ഥിതിക മുഖമുള്ള നഗരകേന്ദ്രങ്ങളിൽ ഒന്നായി






**നിലവിൽ 26 എം.സി.എഫുകൾ നഗരസഭയ്ക്കു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 42,000 ച. അടി സ്ഥലമാണ് അജൈവ പാഴ്-വസ്തു സംഭരണത്തിനായി ലഭ്യമാകുന്നത്. 1140-ാളം ഹരിത കർമ്മസേന അംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ ഇവിടെ സംഭരിക്കുന്നു. നാല് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലായി 38,000 ച. അടിയിൽ 1000 ടൺ പ്രതിമാസ സംസ്ക്കരണ ശേഷിയും ലഭ്യമാണ്.**

തിരുവനന്തപുരത്തെ മാറ്റി. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി വാങ്ങിച്ച വൈദ്യുത വാഹനങ്ങൾ നഗരത്തിൽ സർവീസുകൾ നടത്തുന്നു. ആദ്യഘട്ടത്തിൽ 49.06 കോടിയും രണ്ടാം ഘട്ടത്തിൽ 48.2 കോടിയും ചെലവഴിച്ചാണ് വൈദ്യുത ബസുകൾ വാങ്ങിയത്. കൂടുതൽ ബസുകൾ വാങ്ങി നിരത്തിലിറക്കാൻ പദ്ധതിയുണ്ടെന്ന് മേയർ ആര്യാ രാജേന്ദ്രൻ പറഞ്ഞു. വനിതകൾക്ക് വൈദ്യുത ഓട്ടോറിക്ഷകൾ വാങ്ങി നൽകി. വിവിധ സ്ഥലങ്ങളിൽ ചാർജ്ജിങ്ങ് കേന്ദ്രങ്ങളും ആരംഭിച്ചു.

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധങ്ങളായ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് ഹരിത ബഡ്ജറ്റ്. പതിനാല് ലക്ഷം സീഡ് ബാളുകൾ വിതരണം ചെയ്ത് നഗരവനവൽക്കരണം പ്രോത്സാഹിപ്പിക്കുക, നഗരത്തിന്റെ ഹരിതാവരണം വ്യാപിപ്പിക്കുക, വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക, ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് സുസ്ഥിര ഊർജ്ജ സ്രോതസുകളിലേക്കുള്ള മാറ്റം സാധ്യമാക്കുക, കാലാവസ്ഥാ വ്യതിയാനത്തിന് എതിരായ പ്രാദേശിക ഇടപെടലുകൾ ശക്തിപ്പെടുത്തുക എന്നിവ ഹരിത ബഡ്ജറ്റിലെ ഇനങ്ങളാണ്.

യു.എൻ ഹാബിറ്റാറ്റ്, ഷാങ്ഹായി മുനിസിപ്പിലിറ്റി എന്നിവ സംയുക്തമായി നൽകുന്ന സുസ്ഥിര വികസനത്തിനുള്ള യു എൻ ഹാബിറ്റാറ്റ് അവാർഡ് 2024 ഒക്ടോബറിൽ തിരുവനന്തപുരം കോർപറേഷൻ കരസ്ഥമാക്കിയിരുന്നു. ലോക നഗര ദിനമായ ഒക്ടോബർ 24 –ന് ഈജിപ്തിലെ അലക്സാണ്ട്രിയയിൽ നടന്ന ചടങ്ങിലാണ് കോർപറേഷൻ മേയറും സ്മാർട്ട് സിറ്റി പ്രതിനിധിയും അവാർഡ് ഏറ്റുവാങ്ങിയത്. മാലിന്യ പരിപാലനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലെ മികവ് എന്നിവ പരിഗണിച്ചാണ് അവാർഡിനായി തിരുവനന്തപുരം നഗരസഭയെ തിരഞ്ഞെടുത്തത്.

നിലവിൽ 26 എം.സി.എഫുകൾ നഗരസഭയ്ക്കു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 42,000 ച. അടി സ്ഥലമാണ് അജൈവ പാഴ്വസ്തു സംഭരണത്തിനായി ലഭ്യമാകുന്നത്. 1140-ാളം ഹരിത കർമ്മസേന അംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ഇവിടെ സംഭരിക്കുന്നു. നാല് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലായി 38,000 ച. അടിയിൽ 1000 ടൺ പ്രതിമാസ സംസ്കരണ ശേഷിയും ലഭ്യമാണ്. ജൈവ പാഴ്വസ്തുക്കൾ കോർപറേഷൻ സബ്സിഡി നിരക്കിൽ നൽകിയ ബിന്നുകളിലും കംപോസ്റ്റ് യൂണിറ്റുകളിലും സംസ്കരിക്കുന്നതിനാൽ നഗര വീഥികൾ ജൈവ മാലിന്യമകന്ന് വെടിപ്പായി. പ്രാദേശിക സ്റ്റാർട്ടപ്പുകളുമായി സഹകരിച്ചതും ജൈവ മാലിന്യം ഫലപ്രദമായി കൈകാര്യം ചെയ്യാൻ സഹായകമായി. ട്രാൻസ്പോർട്ട് ഹബ്ബുകളിലും പാർക്കിങ് ഏരിയകളിലും വൈദ്യുത വാഹനങ്ങൾ ചാർജു ചെയ്യുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്നും മേയർ അറിയിച്ചു. ഇ- വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നതും പരിഗണനയിലാണ്. ഇൻഡോർ നഗരസഭയുമായി സഹകരിച്ച് ഒരു മാലിന്യ സംസ്കരണ മാതൃക വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് നഗരസഭ.



എനർജി മാനേജ്മെന്റ് സെന്റർ (EMC), വാഷിങ്ങ്ടൺ ആസ്ഥാനമായ വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യാ ഘടകമായ ഡബ്ലിയുആർഐ ഇന്ത്യ, ഇന്ത്യൻ ഗ്രീൻ ബിൽഡിങ്ങ് കൗൺസിൽ (IGBC) എന്നിവയുടെ പങ്കാളിത്തത്തോടെ 2024 ൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ വച്ച് കെട്ടിട നിർമ്മാണ മേഖലയ്ക്കു വേണ്ടിയുള്ള ഒരു കാർബൺ തുലിത കർമ്മപദ്ധതിയുടെ രൂപരേഖ (NZCRB ) കോർപറേഷൻ തയ്യാറാക്കിയിരുന്നു. ഇതിന്റെ ബ്ലൂ പ്രിന്റ് ജൂലൈ 11 ന് പ്രകാശിപ്പിച്ചു. കെട്ടിട രൂപകല്പന, നിർമാണം, നവീകരണം, ഉപയോഗശൂന്യമായി തീർന്നതിനു ശേഷമുള്ള പൊളിച്ചു നീക്കൽ എന്നിങ്ങനെ എല്ലാ ഘട്ടങ്ങളിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് എന്തൊക്കെ ഉപാധികൾ സാധ്യമാണെന്ന് ഇത് ആരായുന്നു. സംസ്ഥാന സർക്കാർ രൂപപ്പെടുത്തുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് നിർമ്മാണ രംഗത്തെ ഹരിതഭാവിക്കുള്ള ഒരു റോഡ് മാപ്പ് പ്രാവർത്തികമാക്കാനാണ് ഈ രൂപരേഖ ലക്ഷ്യമിടുന്നത്. ഹരിതഭാവിയാണ് സുസ്ഥിര ഭാവിയെന്ന് ഇത്തരം മുൻകൈ പ്രവർത്തനങ്ങളിലൂടെ തിരുവനന്തപുരം കോർപറേഷൻ അടിവരയിടുന്നു.

ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും കാലാവസ്ഥാ മാറ്റത്തിന്റെ ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേറിട്ട പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കി വരുന്നു. സീഡ് ബാൾ കാമ്പയിനിലെ യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം പുതിയ തലമുറയിൽ പാരിസ്ഥിതിക അവബോധം ശക്തിപ്പെടുന്നതിന്റെ സൂചനയാണ്. തിരുവനന്തപുരം കോർപറേഷൻ അതിൽ മുൻപന്തിയിലുണ്ട്, രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മേയറുടെ യുവത്വത്തോടെ!

# ജലമാണ് ജീവൻ

# കാമ്പയിൻ വിജയിപ്പിക്കുക!

ആരോഗ്യ, പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ പങ്കാളിത്തത്തോടെ, ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന 'ജലമാണ് ജീവൻ' കാമ്പയിൻ ആരംഭിച്ചു.

ജലമലിനീകരണം, വിശേഷിച്ച് കുടിവെള്ളത്തിൽ രോഗാണുക്കൾ കലരുന്നത് തടയുകയാണ് ലക്ഷ്യം. സംസ്ഥാനത്ത് അമീബിക് മെനിൻജോഎൻസഫലൈറ്റിസ് കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകാത്ത സാഹചര്യത്തിൽ കുടിവെള്ള സ്രോതസുകൾ ആരോഗ്യകരമായി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് കാമ്പയിൻ. പൊതു -സ്വകാര്യ വ്യത്യാസമില്ലാതെ കുടിവെള്ള കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവയുടെ ശാസ്ത്രീയ ക്ലോറിനേഷൻ ആണ് കാമ്പയിനിലെ ഏറ്റവും പ്രധാന ഇനം.

ആഗസ്ത് 30,31 തീയ്യതികളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യാപകമായ ക്ലോറിറേഷൻ നടന്നു. ഇതിനായി ബ്ലീച്ചിങ്ങ് പൗഡർ, ക്ലോറിൻ ടാബ്ലറ്റുകൾ എന്നിവ വിതരണം ചെയ്തിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാർ ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. കോട്ടയം ജില്ലയിൽ 119,845 കുടിവെള്ള കിണറുകൾ 26,840 ഗാർഹിക വാട്ടർ ടാങ്കുകൾ, 1,317 സ്ഥാപനകിണറുകൾ, 514 പൊതുകിണറുകൾ, 891 സ്ഥാപന വാട്ടർ ടാങ്കുകൾ എന്നിവ ക്ലോറിനേഷൻ നടത്തി. എറണാകുളം ജില്ലയിൽ 363,055 സ്വകാര്യ കിണറുകളിൽ 52% ഈ ദിവസങ്ങളിൽ ക്ലോറിനേഷൻ നടത്തി. കൊച്ചി നഗരത്തിൽ ബാക്കിയുള്ള കിണറുകളുടെ ക്ലോറിനേഷൻ സപ്തംബർ ആദ്യവാരത്തിനു ശേഷം നടക്കും. മറ്റു ജില്ലകളിലും കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടന്നു.

സപ്തംബർ 8 മുതൽ 30 വരെ നടക്കുന്ന രണ്ടാം ഘട്ടത്തിൽ സ്കൂളുകളിൽ പ്രചാരണ കാമ്പയിൻ സംഘടിപ്പിക്കും. ഹയർ സെക്കന്ററി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളുടെ സഹായത്തോടെ വാട്ടർ ക്വാളിറ്റി പരിശോധന നടക്കും. മലിനമായ ജലസ്രോതസുകൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കും.

പൊതുജലാശയങ്ങളുടെ ശുചീകരണം, ജലാശയമലിനീകരണം തടയൽ, വിപുലമായ ജനകീയ ബോധവൽക്കരണം തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ സപ്തംബർ 20 മുതൽ നവംബർ 1 വരെ നടക്കുന്ന മൂന്നാം ഘട്ടത്തിൽ ഏറ്റെടുക്കും. ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മസേന വളണ്ടിയർമാർ, അംഗൻവാടി വർക്കർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. റിസോർട്ടുകൾ, ഹോട്ടലുകൾ, സ്വിമ്മിങ് പൂളുകൾ, തീം പാർക്കുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തും. നിർദിഷ്ട ഗുണനിലവാരം പാലിക്കാത്ത സ്ഥാപനങ്ങൾക്കതിരെ നടപടിയുണ്ടാകും. ഓണാവധിക്കു ശേഷം അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള അവബോധ പരിശീലനം ആരംഭിക്കും. മലിനീകരണ സാധ്യത കൂടുതലുള്ള ജലാശയങ്ങൾക്ക് സമീപം വാണിങ് ബോർഡുകൾ സ്ഥാപിക്കും. കാമ്പയിൻ വിജയമാക്കാനുള്ള പ്രവർത്തനങ്ങളിലാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.





ഡിജി കേരളം
തദ്ദേശ സ്വയംഭരണ വകുപ്പ്
രാജ്യത്തെ
ആദ്യ സമ്പൂർണ്ണ
ഡിജിറ്റൽ സാക്ഷരതാ
സംസ്ഥാന പദവിയിലേക്ക് കേരളം
79th
Happy
INDEPENDENCE DAY

THADDESAKAM (MONTHLY) AUGUST 2025
₹30 Annual Subscription ₹300, Published on AUGUST 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024

# 9446700800

## മാലിന്യം വലിച്ചെറിയുന്നത് തെളിവുകളോടെ റിപ്പോർട്ട് ചെയ്യൂ...

## ചുമത്തുന്ന പിഴയുടെ നാലിലൊന്ന് പാരിതോഷികം

പരമാവധി 2500 രൂപ എന്ന നിബന്ധന ഒഴിവാക്കി



**M.B Rajesh**
MINISTER FOR LSGD&EXCISE& PARLIAMENTARY AFFAIRS

Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.